بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 11 ലക്കം 12

# ബദർ

വീക്കിലി ഖാദിയാൻ

Weekly **BADAR** Qadian Malayalam

വാർഷിക വരിസംഖ്യ 600

www.akhbarbadrqadian.in

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

2026 മാർച്ച് 19 ● ഹി.ശം 1405 അമാൻ 19 ●ഹിജ്‌രി ഖമരി 1447 റമദാൻ 29



### വിശുദ്ധ ഖുർആനിൽ നിന്ന്:

وَاِذَا سَاَلَکَ عِبَادِیۡ عَنِّیۡ فَاِنِّیۡ قَرِیۡبٌ ؕ اُجِیۡبُ دَعۡوَۃَ الدَّاعِ اِذَا دَعَانِ ۙ فَلۡیَسۡتَجِیۡبُوۡا لِیۡ وَلۡیُؤۡمِنُوۡا بِیۡ لَعَلَّہُمۡ یَرۡشُدُوۡنَ ○

എന്നെ സംബന്ധിച്ച് എന്റെ ദാസന്മാർ നിന്നോട് ചോദിക്കുന്ന പക്ഷം (പറയുക) നിശ്ചയമായും ഞാൻ സമീപസ്ഥനാകുന്നു. പ്രാർത്ഥിക്കുന്നവന്റെ പ്രാർത്ഥനയ്ക്ക് ഞാൻ ഉത്തരം നൽകും; അവൻ എന്നെ വിളിച്ചു പ്രാർത്ഥിക്കുമ്പോൾ. അതുകൊണ്ട്, അവർ എന്റെ വിളിക്ക് ഉത്തരം നൽകുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യട്ടെ; അവർ സന്മാർഗം പ്രാപിക്കുന്നതിനുവേണ്ടി. (വി.ഖു. 2:187)



ഹദീസ്:

## റമദാൻ: കാരുണ്യത്തിന്റെയും പാപമോചനത്തിന്റെയും നരകമോചനത്തിന്റെയും മാർഗ്ഗം

ശഅ്ബാൻ മാസത്തിലെ അവസാന ദിവസം തിരുനബി(സ) ഞങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട് ഇപ്രകാരം പറഞ്ഞു:

ജനങ്ങളേ! മഹത്തായ ഒരു മാസം നിങ്ങൾക്ക് തണലേകിയിരിക്കുന്നു. ആയിരം മാസങ്ങളെക്കാൾ ഉത്തമമായ ഒരു രാത്രി ഉൾക്കൊള്ളുന്ന അനുഗ്ര ഹീത മാസമാണത്. അല്ലാഹു ഈ മാസത്തിലെ വ്രതം നിർബന്ധമാക്കുകയും രാത്രിയിലെ നമസ്കാരം സുന്നത്തായി നിശ്ചയിക്കുകയും ചെയ്തിരിക്കുന്നു. ഈ മാസത്തിൽ ആരെങ്കിലും  നവാഫിൽ അഥവാ ഐച്ഛികമായ പുണ്യകർമ്മങ്ങളിലൂടെ  അല്ലാഹുവിലേക്ക് അടുക്കാൻ ആഗ്രഹിച്ചാൽ, റമദാൻ അല്ലാ ത്ത മാസങ്ങളിൽ ഒരു ഫർള് (നിർബന്ധ കർമ്മം) അനുഷ്ഠിച്ചതിന് തുല്യമാണത്. ഈ മാസത്തിൽ ആരെങ്കിലും ഒരു നിർബന്ധ കർമ്മം അനുഷ്ഠിച്ചാൽ റമദാൻ അല്ലാത്ത മാസങ്ങളിൽ എഴുപത് ഫർളുകൾ അനുഷ്ഠിച്ചതിന് തുല്യവുമായിരിക്കും.

ഇത് ക്ഷമയുടെ മാസമാണ്, ക്ഷമയുടെ പ്രതിഫലം സ്വർഗ്ഗമാകുന്നു. ഇത് സഹാനുഭൂതിയുടെ മാസമാണ്; വിശ്വാസിയുടെ ഉപജീവനം വർദ്ധിപ്പി ക്കപ്പെടുന്ന മാസവുമാണത്. ഈ മാസത്തിൽ വ്രതമനുഷ്ഠിക്കുന്ന ഒരാൾക്ക് ആരെങ്കിലും നോമ്പ് തുറക്കാനുള്ള വിഭവം നൽകിയാൽ അത് പാപമോചന ത്തിനും നരകമോചനത്തിനും കാരണമാകും. നോമ്പ് തുറപ്പിച്ച ആൾക്ക് നോമ്പുകാരന്റെ അത്രതന്നെ പ്രതിഫലം ലഭിക്കും, അതേസമയം നോമ്പുകാരന്റെ പ്രതിഫലത്തിൽ യാതൊരു കുറവും വരുത്തുകയുമില്ല.

സഹാബികൾ ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ! നോമ്പുകാരനെ നോമ്പ് തുറപ്പിക്കാനുള്ള ശേഷി ഞങ്ങളിൽ എല്ലാവർക്കും ഇല്ലല്ലോ? അപ്പോൾ തിരു നബി(സ) പറഞ്ഞു:  ഒരു ഇറുക്ക് പാലോ വെള്ളമോ അല്ലെങ്കിൽ ഒരു ഈത്തപ്പഴമോ നൽകി നോമ്പ് തുറപ്പിക്കുന്നവർക്കും അല്ലാഹു ഈ പ്രതിഫലം നൽകും. ആരെങ്കിലും ഒരു നോമ്പുകാരനെ വയറുനിറയെ ഭക്ഷണം നൽകി തൃപ്തിപ്പെടുത്തിയാൽ, അല്ലാഹു എന്റെ ഹൗളിൽ നിന്ന് അവന് പാനീയം നൽകും, സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നത് വരെ അവന് ദാഹിക്കുകയേയില്ല.

റമദാന്റെ ആദ്യഭാഗം കാരുണ്യവും (റഹ്മത്ത്), മധ്യഭാഗം പാപമോചനവും (മഗ്ഫിറത്ത്), അവസാനഭാഗം നരകമോചനവുമുള്ള മാസമാണ്. ആരെങ്കിലും ഈ മാസത്തിൽ തന്റെ വേലക്കാരന്റെ ജോലികളിൽ ഇളവ് നൽകിയാൽ അല്ലാഹു അവന് മാപ്പ് നൽകുകയും നരകത്തിൽ നിന്ന് മോചനം നൽകുകയും ചെയ്യും.




ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പാഠങ്ങൾ:

## വിശ്വാസി തന്റെ ജീവിതത്തിലൂടെ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ തന്നെത്തന്നെ ധീരനാണെന്ന് തെളിയിക്കേണ്ടതാണ്

'അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ മറ്റ് ഉമ്മത്തുകളെപ്പോലെ ഈ ഉമ്മത്തിന് യാതൊരു നിയന്ത്രണങ്ങളും (നിബന്ധനകളും) നിശ്ചയിക്കുമായിരുന്നില്ല. എന്നാൽ അവൻ ഈ നിയന്ത്രണങ്ങൾ വെച്ചിരിക്കുന്നത് നന്മയ്ക്ക് വേണ്ടിയാണ്. എന്റെ വീക്ഷണത്തിൽ ഒരു വ്യക്തി പൂർണ്ണമായ സത്യസന്ധതയോടും ആത്മാർത്ഥതയോടും കൂടി ഈ മാസത്തിൽ എന്നെ നീ (പുണ്യങ്ങളിൽ നിന്ന്) തടയരുതേ എന്ന് അല്ലാഹുവിനോട് അപേക്ഷിച്ചാൽ അവൻ ആ വ്യക്തിയെ തടയുകയില്ല. അത്തരമൊരു അവസ്ഥയിൽ റമദാൻ മാസത്തിൽ ഒരാൾ രോഗിയായാൽ ആ രോഗം അവന് കാരുണ്യമായിത്തീരുന്നു. കാരണം ഓരോ ക ർമവും നിയ്യത്ത് അഥവാ ഉദ്ദേശ്യത്തിൽ അധിഷ്ഠിതമാണ്.

വിശ്വാസി തന്റെ ജീവിതത്തിലൂടെ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ തന്നെത്തന്നെ ധീരനായി തെളിയിക്കേണ്ടതുണ്ട്. ഒരാൾക്ക് വ്രതം അനുഷ്ഠിക്കാൻ സാധി ക്കുന്നില്ല, എന്നാൽ തനിക്ക് ആരോഗ്യം ഉണ്ടായിരുന്നെങ്കിൽ താൻ നോമ്പ് അനുഷ്ഠിക്കുമായിരുന്നു എന്ന് ഹൃദയവേദനയോടെയും ആഗ്രഹത്തോടും കൂ ടി അവൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ, അവന്റെ ഹൃദയം അതിനായി വിങ്ങുന്നുണ്ടെങ്കിൽ, അവൻ ഒഴികഴിവുകൾ തേടുന്നവനല്ലെങ്കിൽ മലക്കുകൾ അവന് വേണ്ടി വ്രതം അനുഷ്ഠിക്കുന്നതാണ്. അല്ലാഹു ഒരിക്കലും അവന്റെ പ്രതിഫലം നഷ്ടപ്പെടുത്തുകയില്ല. ശേഷം പേജ് 12 ൽ

തഫ്സീർ കബീറിൽ നിന്ന്:
ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)



## റമദാനിൽ വിശുദ്ധ ഖുർആൻ പൂർണ്ണമായി പാരായണം ചെയ്യുന്നതിന്റെ മഹത്വം

شَھۡرُ رَمَضَانَ الَّذِیۡۤ اُنۡزِلَ فِیۡہِ الۡقُرۡاٰنُ

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു:

ഇതിന്റെ മൂന്നാമത്തെ അർത്ഥം, റമദാനിൽ ഖുർആൻ മുഴുവനായി ഇറ ക്കപ്പെട്ടു എന്നതാണ്. ഉദാഹരണമായി ഹദ്റത്ത് ആഇശ(റ) നിവേദനം ചെയ്യുന്നു:

اَنَّ جِبۡرِیۡلَ کَانَ یُعَارِضُنِیۡ الۡقُرۡاٰنَ فِیۡ کُلِّ سَنَۃٍ مَرَّۃً وَاِنَّہٗ عَارَضَنِیۡ الۡعَامَ مَرَّتَیۡنِ

തിരുനബി(സ) തന്റെ വഫാത്തിന് മു മ്പുള്ള രോഗാവസ്ഥയിൽ ഹദ്റത്ത് ഫാത്തിമ(റ)യോട് ഇപ്രകാരം പറഞ്ഞു: ജിബ്‌രീൽ എല്ലാ വർഷവും റമദാൻ മാസത്തിൽ ഖുർആൻ മുഴുവന ും എന്നോടൊപ്പം ഒരു തവണ പാരാ യണം ചെയ്ത് കേൾപ്പിക്കാറുണ്ടായിരു ന്നു. എന്നാൽ ഈ വർഷം അദ്ദേഹം അത് രണ്ടുതവണ ചെയ്തിരിക്കുന്നു. ശേഷം പേജ് 11 ൽ

### അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ (അയ്യദഹു ല്ലാഹുത്ത ആല ബിനസ് രിഹിൽ അസീസ്) അല്ലാഹു വിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ ഹുസൂർ തിരുമനസ്സിന്റെ ആയുരാരോഗ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയം ഉണ്ടാകുന്നതി നും ദുആ ചെയ്തു കൊണ്ടിരിക്കുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ.

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത് പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്, ഖാദിയാൻ

لَا اِلٰهَ اِلَّا اللّٰهُ مُحَمَّدٌ رَّسُوْلُ اللّٰهِ

(എഡിറ്റോറിയൽ)

# ഉർദു ഭാഷയുടെ പ്രാധാന്യം

പതിമൂന്നാം നൂറ്റാണ്ടിൽ ആരംഭം കുറിക്കുകയും ഭാരതത്തിന്റെ വിവിധ പ്രദേശങ്ങളിലെ സംസ്കാരികവും ഭാഷാപരവുമായ സങ്കലനത്തിലൂടെ പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ആശയവിനിമയ രംഗത്ത് പൂർണ്ണത കൈവരിക്കുകയും ചെയ്ത ഉർദു ഭാഷ, ഭാരതത്തിലെ ഭൂരിഭാഗം പ്രദേശങ്ങളിലെയും വിവിധ മതസ്ഥരായ ആളുകൾക്കും മനസ്സിലാക്കാൻ സാധിക്കുന്ന ഒന്നായി മാറിയിരുന്നു. അതിനാൽ ഇസ്‌ലാമിക പ്രബോധനത്തിനും ജനതകളുടെ സംസ്കരണത്തിനുമായി അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ നിയോഗിച്ചത് ഈ ഭാഷയിലൂടെയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വൈജ്ഞാനിക ഭണ്ഡാരം ഭൂരിഭാഗവും ഉർദുവിലാണെന്ന് നമുക്ക് കാണാൻ സാധിക്കും. അവിടുന്ന് അറബിയിലും പേർഷ്യനിലും ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ടെങ്കിലും, ആ ഭാഷകളിൽ അവിടുത്തെ ഹൃദയസ്പർശിയായ പദ്യരചനകൾ നിലവിലുണ്ടെങ്കിലും, അദ്ദേഹത്തിന്റെ പ്രധാന രചനകൾ ഉർദുവിലാണ്. അതുപോലെ അദ്ദേഹത്തിന് ലഭിച്ച ഇൽഹാമുകൾ (ദൈവിക വെളിപാടുകൾ) ഉർദുവിന് പുറമെ കൂടുതലായും അറബിയിലും പിന്നീട് പേർഷ്യനിലും, അതിലുപരി ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിലും വന്നിട്ടുണ്ട്. എന്നിരുന്നാലും അവിടുത്തെ ഗദ്യപദ്യ രചനകളിൽ ഭൂരിഭാഗവും ഉർദുവിലാണ്. ഉർദുവിന്റെ എഴുത്തുരീതി അറബി, പേർഷ്യൻ ലിപികളുമായി സാമ്യമുള്ളതും ഹിന്ദിയുടേത് സംസ്കൃതത്തിന് അനുയോജ്യവുമാണെങ്കിലും, ഇന്നത്തെ കാലത്തെ സംസാരഭാഷയിൽ ഹിന്ദി സംസാരിക്കുന്നവർക്കും ഉർദു നന്നായി മനസ്സിലാക്കാൻ സാധിക്കും. നിലവിൽ ഭാരതത്തിൽ ഉർദുവിന്റെയും ഹിന്ദിയുടെയും ലിപികൾ വ്യത്യസ്തമാണെങ്കിലും, സംസാരത്തിൽ അവ തമ്മിൽ വേർപെടുത്താൻ കഴിയാത്ത വിധം അത്രമേൽ ബന്ധമുണ്ട്. അറബി, പേർഷ്യൻ ഭാഷകളുമായി അടുത്ത ബന്ധമുള്ളതിനാൽ, ഉർദു അറിയുന്നവർക്ക് പുരാതനമായ അറബി, പേർഷ്യൻ പൈതൃകങ്ങൾ എളുപ്പത്തിൽ ഉൾക്കൊള്ളാനും അവയെ പരിപോഷിപ്പിക്കാനും സാധിക്കും എന്നത് ഉർദുവിന്റെ ഒരു സവിശേഷതയാണ്. കഴിഞ്ഞ മൂന്ന് നൂറ്റാണ്ടുകളിൽ ഭാരതത്തിൽ പ്രസിദ്ധീകരിക്കപ്പെട്ട ഉർദു പുസ്തകങ്ങൾ പരിശോധിച്ചാൽ, വിശ്വാസികളെ ഇസ്‌ലാമിക സ്രോതസ്സുകളുമായി അടുപ്പിക്കുന്നതിൽ ആ ഗ്രന്ഥങ്ങൾ എത്രത്തോളം സുപ്രധാനമായ പങ്കുവഹിച്ചു എന്ന് വ്യക്തമായി മനസ്സിലാക്കാം.

ഈ വിഷയത്തെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു പ്രധാനപ്പെട്ട കാര്യം വിശദീകരിച്ചിട്ടുണ്ട്. അല്ലാഹു തിരുനബി(സ)യെ ലോകത്തിന്റെ മുഴുവൻ പരിഷ്കരണത്തിനായി നിയോഗിച്ചതുകൊണ്ട്, സൂറത്തുൽ ജുമുഅയിലെ

مِنۡهُمۡ لَمَّا يَلۡحَقُوۡا بِهِمۡ

എന്ന വചനം അനുസരിച്ച് തിരുനബി(സ)ക്ക് രണ്ട് നിയോഗങ്ങൾ ഉണ്ട്. ആദ്യത്തെ നിയോഗത്തിൽ തക്മീലെ ഹിദായത്ത് അതായത് സന്മാർഗ പൂർത്തീകരണം നടന്നു. എന്നാൽ അന്ന് ലോകം മുഴുവൻ ഈ സന്ദേശം എത്തിക്കാനുള്ള സംവിധാനങ്ങൾ ലഭ്യമായിരുന്നില്ല. അതിനാൽ, തക്മീലെ ഇശാഅത്തെ ഹിദായത്ത് അഥവാ സന്മാർഗ പ്രചാരണ പൂർത്തീകരണം തിരുനബി(സ)യുടെ രണ്ടാമത്തെ നിയോഗത്തിലൂടെയാണ് ഉണ്ടാകേണ്ടിയിരുന്നത്. അതായത് ആവശ്യമായ സംവിധാനങ്ങൾ ലഭ്യമാകുന്ന കാലത്ത് നബി(സ)ന്റെ പൂർണ്ണ പ്രതിരൂപമായ ഇമാം മഹ്ദിയിലൂടെയും വാഗ്ദത്ത മസീഹിലൂടെയുമാണ് വിധിക്കപ്പെട്ടിട്ടുള്ളത്. ഇതിനായി ദൈവം തിരഞ്ഞെടുത്ത ഭാഷ ഉർദു ആയിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് സമർപ്പിക്കാനുള്ള ഗഹനമായ വിഷയങ്ങളെ ഉൾക്കൊള്ളാനും അദ്ദേഹത്തിന് ലഭിക്കുന്ന വെളിപാടുകളെ മനുഷ്യഹൃദയങ്ങളിൽ ആകർഷണീയമായി പതിപ്പിക്കാനും മറ്റു ഭാഷകളെ അപേക്ഷിച്ച് ഭാരതത്തിലെ ഉർദു ഭാഷ ആ കാലഘട്ടത്തിൽ പ്രാപ്തമായിരുന്നു. ഇക്കാര്യത്തെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

قُلۡ يٰۤاَيُّهَا النَّاسُ اِنِّىۡ رَسُوۡلُ اللّٰهِ اِلَيۡكُمۡ جَمِيۡعَا അതുപോലെ وَّاٰخَرِيۡنَ مِنۡهُمۡ لَمَّا يَلۡحَقُوۡا بِهِمۡ എന്നീ സൂക്തങ്ങളുടെ അധ്യാപനപ്രകാരം തിരുനബി(സ)യുടെ രണ്ടാമതൊരു നിയോഗം അത്യാവശ്യമായി വന്നു. റെയിൽവേ, ടെലിഗ്രാഫ്, ആവിക്കപ്പലുകൾ, പ്രസ്സ്, തപാൽ സംവിധാനങ്ങൾ, വിവിധ ഭാഷകളിലുള്ള അറിവ് എന്നിവയും പ്രത്യേകിച്ച് ഹിന്ദുക്കൾക്കും മുസ്‌ലീങ്ങൾക്കുമിടയിൽ പൊതുവായ ഒരു ഭാഷയായി മാറിയ ഭാരതത്തിലെ ഉർദുവും ഒരേസ്വരത്തിൽ തിരുനബി(സ)യോട് ഇപ്രകാരം അപേക്ഷിച്ചു: യാ റസൂലല്ലാഹ്(സ)! ഞങ്ങൾ സേവന സന്നദ്ധരാണ്. അങ്ങയുടെ സന്ദേശപ്രചാരണ ദൗത്യം പൂർത്തിയാക്കാൻ ഞങ്ങൾ പൂർണ്ണഹൃദയത്തോടെ ഒരുങ്ങിയിരിക്കുന്നു. അങ്ങ് ആഗതരായാലും! അങ്ങയുടെ ഈ ദൗത്യം പൂർത്തിയാക്കിയാലും!. കാരണം ലോകം മുഴുവനുമുള്ള മനുഷ്യരിലേക്കാണ് താൻ നിയോഗിക്കപ്പെട്ടിരിക്കുന്നത് എന്ന് അങ്ങ് അവകാശപ്പെട്ടിരുന്നുവല്ലോ. ഭൂമിയിലെ എല്ലാ ജനവിഭാഗങ്ങളിലേക്കും ഖുർആനിക സന്ദേശം എത്തിക്കാനും പ്രബോധനം പൂർണ്ണതയിലെത്തിക്കാനും ഖുർആന്റെ സത്യതയ്ക്കുള്ള തെളിവുകൾ എല്ലാവരിലും എത്തിക്കാനും സാധിക്കുന്ന ഒരു കാലമാണിത്. അപ്പോൾ തിരുനബി(സ)യുടെ ആത്മീയത ഇപ്രകാരം മറുപടി നൽകി: ശ്രദ്ധിക്കുക, ഞാൻ ഒരു പ്രതിരൂപമായി വരുന്നു. എന്നാൽ ഞാൻ വരുന്നത് ഭാരതദേശത്തായിരിക്കും. കാരണം മതപരമായ ആവേശം, എല്ലാ മതങ്ങളുടെയും സമാഗമം, വിവിധ വിശ്വാസധാരകൾ തമ്മിലുള്ള സംവാദം, സമാധാനം, സ്വാതന്ത്ര്യം എന്നിവ ഇവിടെയാണുള്ളത്.' *(തുഹ്ഫെ ഗോൽഡവിയ, പേജ് 164,165)*

മേൽസൂചിപ്പിച്ച ഉദ്ധരണിയുടെ വെളിച്ചത്തിൽ, ഉർദു ഭാഷ അറിയുന്ന ഭാരതത്തിലെ അഹ്മദികൾക്ക് ഒരു വലിയ ഉത്തരവാദിത്തമുണ്ട്. ഭാരതത്തിൽ ആവിർഭവിച്ച തിരുനബി(സ)യുടെ ആ പൂർണ്ണ പ്രതിരൂപത്തിന്റെ (ഹ.മസീഹ് മൗഊദ്(അ)ന്റെ) സുൽത്താൻ നസീർ (സഹായി) ആയിത്തീരുക എന്നതാണത്. ഇസ്‌ലാമിക പ്രബോധനമെന്ന ആത്മീയ ജിഹാദിൽ തൂലിക കൊണ്ടും നാവു കൊണ്ടും ധനം കൊണ്ടും എല്ലാ വിധത്തിലും പങ്കാളികളാവുക. കാരണം, തിരുനബി(സ)യുടെ ആത്മീയത അക്കാലത്തെ എല്ലാ ഭൗതിക സാഹചര്യങ്ങൾക്കും നൽകിയ മറുപടി ഇതായിരുന്നു: ഭാരതം അവിടുത്തെ പ്രതിരൂപത്തിന്റെ ദൗത്യം വിജയത്തിലെത്തിക്കാൻ അനുയോജ്യമായ സ്ഥലമാണ്.

ഈ ദൗത്യത്തിൽ ഉർദു ഭാഷ ഒരു കേന്ദ്രബിന്ദുവായി വർത്തിക്കുന്നു. സംസാരഭാഷ എന്ന നിലയിൽ ഭാരതത്തിലെ ഏകദേശം പന്ത്രണ്ടോളം സംസ്ഥാനങ്ങളിൽ ഇന്ന് ഉർദു നിലവിലുണ്ട്. ഹിന്ദി സംസാരിക്കുന്നവർക്കും ഉർദു മനസ്സിലാക്കാനും സംസാരിക്കാനും സാധിക്കും. ഹദ്റത്ത് മസീഹ് മൗഊദ്(അ) അവരുടെ മിക്കവാറും എല്ലാ ആത്മീയ ജ്ഞാനങ്ങളും ഉർദു ഭാഷയിലാണ്. കൂടാതെ നിലവിലെ എല്ലാ ഖലീഫമാരുടെയും, പ്രത്യേകിച്ച് ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹു തആല) യുടെ അനുഗൃഹീത ഖുതുബകളും പ്രസംഗങ്ങളും മജ്‌ലിസെ ഇർഫാനും ഉർദു ഭാഷയിലാണ് ലഭ്യമാകുന്നത്.

അതുകൊണ്ട്, ഈ ആത്മീയ നിധികൾ മനസ്സിലാക്കുന്നതിന് സംസാരഭാഷയിൽ ഉർദുവും ഹിന്ദിയും ഒരുപോലെയായതിനാൽ നാം ഉർദു പഠിക്കേണ്ടത് അനിവാര്യമാണ്. പ്രത്യേകിച്ച് ഹിന്ദി സംസാരിക്കുന്ന സംസ്ഥാനങ്ങളിൽ താമസിക്കുന്നവരും പൊതുവിൽ മറ്റുള്ളവരും തങ്ങളുടെ ആത്മീയമായ നിലനിൽപ്പിനും സമൂഹത്തിന്റെ ഉന്നതിക്കുമായി എത്രയും ഉർദു പഠിക്കേണ്ടതാണ്. അങ്ങനെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജ്ഞാനങ്ങൾ പഠിച്ച് പ്രബോധന ദൗത്യത്തിൽ ഭാഗഭാക്കാകാൻ സാധിക്കുന്നതാണ്. ഭാരതം മതസ്വാതന്ത്ര്യമുള്ള ഇടമാണെന്ന് തിരുനബി(സ)യുടെ ആത്മീയത പറഞ്ഞത് ഒരു യാഥാർത്ഥ്യമാണ്; മറ്റ് രാജ്യങ്ങളെ അപേക്ഷിച്ച് ഇവിടെ മതപ്രബോധനത്തിന് കൂടുതൽ സ്വാതന്ത്ര്യമുണ്ട്.

ഉർദു പഠിക്കുന്നതിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അർ റാബിഅ്(റഹ്) 1993 ജൂലൈ 02ലെ ജുമുഅ ഖുത്ബയിൽ പറയുന്നു:

എന്റെ രണ്ടാമത്തെ ഉപദേശം നിങ്ങൾ ഉർദു ഭാഷ ശ്രദ്ധിക്കണം

ശേഷം പേജ് 24 ൽ

# ഖുത്വ്ബ ജുമുഅ

**2026 ഫെബ്രുവരി 6, 1405 തബ്‌ലീഗ് 6 മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സറേ), യു.കെ**

**ജനങ്ങളെക്കൊണ്ട് തന്നെ പ്രവാചകൻ എന്ന് വിളിപ്പിക്കാനോ തന്നെ അനുസരിപ്പിക്കാനോ റസൂൽ(സ) ഒരിക്കലും ആഗ്രഹിച്ചിരുന്നില്ല. അതുകൊണ്ടാണ് ഖബറിനേക്കാൾ ഇടുങ്ങിയ ഹിറാ ഗുഹയിൽ പോയി അവിടുന്ന് ആരാധനകളിൽ മുഴുകിയിരുന്നത്. അവിടെ നിന്ന് പുറത്തുവരണമെന്ന ആഗ്രഹം പോലും അവിടുത്തേക്കുണ്ടായിരുന്നില്ല. ഒടുവിൽ അല്ലാഹു തന്റെ യുക്തിജ്ഞാനം അനുസരിച്ച് അവിടുത്തെ പുറത്തുകൊണ്ടുവരികയും തിരുമേനി(സ)യിലൂടെ ലോകത്ത് തന്റെ പ്രകാശം (നൂർ) വെളിപ്പെടുത്തുകയും ചെയ്തു.** (ഹ.മസീഹ് മൗഊദ്(അ))

ദൈവസ്നേഹമില്ലാതെ യഥാർത്ഥ ആരാധനയില്ല, ആരാധനയില്ലാതെ ദൈവസ്നേഹവുമില്ല. അല്ലാഹുവോട് സ്നേഹമില്ലെങ്കിൽ യഥാർത്ഥമായ ആരാധന ഒരിക്കലും സാധ്യമാകില്ല.

**റസൂൽ(സ) ഈ കൽപ്പനകൾ നമുക്ക് നൽകുക മാത്രമല്ല, സ്വന്തം പ്രവൃത്തിയിലൂടെ അതിന്റെ അത്യുന്നത മാതൃക കാണിച്ചുതരികയും ചെയ്തു. ഈ നിലവാരത്തിലേക്ക് നിങ്ങൾ സ്വയം വന്നു ചേരുമ്പോൾ മാത്രമേ അനുസരണയും അനുഗമനവും യഥാർഥ നിലയിൽ പൂർത്തിയാവുകയുള്ളു എന്നു ഉദ്ബോധിപ്പിക്കുകയും ചെയ്തു. അവിടുത്തെ മാതൃകയും കൽപ്പനകളും മുൻനിർത്തി നാം പ്രവർത്തിക്കുമ്പോൾ മാത്രമേ അവിടുന്ന് തന്റെ ഉമ്മത്തിനുവേണ്ടി നടത്തിയ പ്രാർത്ഥനകൾ നമുക്ക് പ്രയോജനപ്പെടുകയുള്ളു. കേവലം പ്രകടനങ്ങൾ കൊണ്ടോ വാക്കുകൾ കൊണ്ടോ ആത്മീയാനുഗ്രഹങ്ങൾ ലഭിക്കില്ല.**

തിരുനബി(സ) ആരാധനയ്ക്കുള്ള ഒരു അവസരവും പാഴാക്കിയിരുന്നില്ല. ഉറങ്ങുമ്പോഴും അവിടുത്തെ ഹൃദയം ആരാധനയിലായിരുന്നു.

**അവിടുന്ന് സ്വന്തം നിലയിൽ ഉന്നത മാതൃകകൾ സ്ഥാപിക്കുക മാത്രമല്ല, നാം ഇത്തരം നിലവാരങ്ങൾ കൈവരിക്കാൻ പരിശ്രമിക്കണമെന്ന് ഉപദേശിക്കുകയും ചെയ്തു. ഇപ്രകാരം പ്രവർത്തിക്കുന്നപക്ഷം നിങ്ങളും ദൈവസ്നേഹം കരസ്ഥമാക്കുന്നവരും ദൈവശിക്ഷയിൽനിന്ന് രക്ഷപ്പെടുന്നവരായിത്തീരുമെന്ന് ഉദ്ബോധിപ്പിക്കുകയും ചെയ്തു.**

ഈ സുന്നത്താണ് ഇന്ന് നമ്മിലേക്ക് എത്തിച്ചേർന്നു കൊണ്ടിരിക്കുന്നത്. സ്വഹാബികളിലൂടെ നമ്മിലേക്ക് എത്തിച്ചേർന്നിരിക്കുന്ന ആ സുന്നത്ത് അവിടുത്തെ ശിക്ഷണയത്നങ്ങളുടെ ഫലമാണ്. അവിടുന്ന് സ്വഹാബികൾക്ക് എത്രത്തോളം ഉന്നതമായി ശിക്ഷണം നല്കിയെന്നാൽ അവരുടെ ആരാധനാ നിലവാരവും ദൈവസ്നേഹവും ഉന്നത വിഹായസ്സുകളിലേക്ക് ഉയർന്നുകൊണ്ടിരുന്നു. അവിടുന്ന് സ്ഥാപിച്ചു കാണിക്കുകയും സ്വഹാബികൾ ഏറ്റെടുക്കുകയും ചെയ്ത മാതൃകയാണിത്. നമുക്കുള്ള കൽപ്പനയും അതുതന്നെയാണ്.

**ഇക്കാലത്ത് ഒരാളോട് നമസ്കാരത്തെക്കുറിച്ച് ചോദിക്കുകയോ, പള്ളിയിൽ വന്ന് നമസ്കരിക്കണമെന്ന് നിർദ്ദേശിക്കുകയോ എത്ര നമസ്കാരങ്ങളാണ് പള്ളിയിൽ വന്ന് നിർവഹിക്കുന്നതെന്ന് ചോദിക്കുകയോ ചെയ്താൽ ആളുകൾ അതിന് ആക്ഷേപം ഉന്നയിക്കാൻ തുടങ്ങുന്നു. ഇത് ഞങ്ങളുടെ വ്യക്തിപരമായ കാര്യമാണ്, ചോദിക്കാൻ നിങ്ങൾ ആരാണ്? ജമാഅത്തിന് ഇതു അന്വേഷിക്കേണ്ട ആവശ്യമെന്ത്? ഇത് ഞങ്ങളും അല്ലാഹുവും തമ്മിലുള്ള കാര്യമാണ് എന്നാണ് പലരുടെയും വാദം. എന്നാൽ നബി(സ)തിരുമേനിയാകട്ടെ തഹജ്ജുദ് നമസ്കാരത്തിന്റെ കാര്യത്തിൽ പോലും ഇത്തരത്തിൽ പരിശോധന നടത്തുമായിരുന്നു.**

റസൂൽ കരീം(സ)യേക്കാൾ സ്വതന്ത്രനും അന്തസ്സുള്ളവനുമായി മറ്റാരാണുള്ളത്? എന്നാൽ അവിടുത്തെക്കുറിച്ച് വിവരിക്കപ്പെടുന്നത് ഇപ്രകാരമാണ്; അവിടുന്ന് പ്രാർത്ഥിക്കുമ്പോൾ ചിലപ്പോഴൊക്കെ തിളയ്ക്കുന്ന കലത്തിൽ നിന്നെന്നപോലെ അവിടുത്തെ നെഞ്ചിൽ നിന്ന് ശബ്ദം പുറത്തുവരുമായിരുന്നു. അവിടുന്ന് അത്രമേൽ വിങ്ങിക്കരയുമായിരുന്നു, അവിടുത്തെ പരിശുദ്ധമായ താടിമുടികൾ കണ്ണുനീരുകൊണ്ട് നനഞ്ഞുപോകുമായിരുന്നു.

**സകല പുണ്യവാന്മാരുടെയും നേതാവായ റസൂൽ(സ)യെപോലെയുള്ള മനുഷ്യനുപോലും സൽക്കർമ്മങ്ങളിൽ നിന്ന് വിടുതൽ ലഭിക്കുന്നില്ലെങ്കിൽ മറ്റുള്ളവർക്ക് എങ്ങനെ അങ്ങനെയാകാൻ കഴിയും? ഞങ്ങൾക്ക് കർമ്മങ്ങൾ ആവശ്യമില്ല, അല്ലാഹു പൊറുത്തുതരും എന്ന് അവർക്ക് എങ്ങനെ പറയാൻ സാധിക്കും? ഇത് സത്യവിശ്വാസികളുടെ വാക്കുകളല്ല, മറിച്ച് അവിശ്വാസികളുടേതാണ്.**

രാത്രിയിൽ ഈ സൂക്തങ്ങൾ -അതായത് ആയത്തുൽ കുർസിയും അവസാനത്തെ മൂന്നു സൂറത്തുകളും- ഓതുന്നത് അവിടുത്തെ പതിവായിരുന്നതിനാൽ ഓരോ മുസ്‌ലിമും ഈ സുന്നത്ത് പാലിക്കാനും അത് ജീവിതത്തിന്റെ ഭാഗമാക്കാനും പരിശ്രമിക്കണം.

**നമസ്കാരങ്ങളിലൂടെ ദൈവസമക്ഷം ഹാജരാകാനുള്ള ഉന്നത നിലവാരം ആദ്യം കൈവരിക്കേണ്ടതുണ്ട്. അതിനുശേഷമാണ് നഫലുകളുടെയും ദിക്റുകളുടെയും സ്ഥാനം. ദൈവസ്മരണ മനുഷ്യനെ കൂടുതൽ നന്മകളിലേക്ക് നയിക്കും, എന്നാൽ അതോടൊപ്പം തന്നെ ഉത്തമ സ്വഭാവവും (അഖ്‌ലാഖ്) സൽക്കർമ്മങ്ങളും മുറുകെ പിടിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഉന്നതധാർമികഗുണങ്ങൾ മനുഷ്യൻ സ്വായത്തമാക്കണം. അല്ലാഹുവിന്റെ സാമീപ്യം ലഭിക്കാനും നമ്മുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകാനും പ്രാർത്ഥനകൾ സ്വീകരിക്കപ്പെടാനും അല്ലാഹുവിന്റെ ഓരോ കൽപ്പനയും പാലിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. നബി(സ) നമുക്ക് എങ്ങനെ പ്രവർത്തിച്ചു കാണിച്ചുതന്നോ അതുപോലെയാകണം നമ്മുടെയും പ്രവർത്തനം. അവിടുത്തെ പൂർണ്ണമായ സുന്നത്തിനെ (ചര്യയെ) പിൻതുടരാൻ നാം പരിശ്രമിക്കണം.**

നാം അതീവ ഗൗരവത്തോടെ ചിന്തിക്കേണ്ട കാര്യമിതാണ്. നബി(സ)യുടെ ഉത്തമ മാതൃക പിന്തുടരുമെന്ന് പ്രതിജ്ഞ ചെയ്തുകൊണ്ട് നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചപ്പോൾ, അദ്ദേഹം സന്തോഷവാർത്ത അറിയിക്കുന്നവൻ കൂടിയാണെന്ന് നമ്മൾ വിശ്വസിക്കുന്നു. എന്നാൽ ആ സന്തോഷവാർത്തകൾ നമുക്ക് ലഭ്യമാകണമെങ്കിൽ, നാം നമ്മുടെ ആരാധനകളുടെ കടമകൾ പൂർണ്ണമായി നിറവേറ്റുകയും അവിടുത്തെ മാതൃക പിന്തുടരാൻ ആവശ്യമായ ആത്മീയ നിലവാരം കൈവരിക്കാൻ പരിശ്രമിക്കുകയും വേണം. ഓർക്കുക, ഈ പരിശ്രമത്തിന് ത്യാഗങ്ങൾ ആവശ്യമാണ്, അത്യധ്വാനം തന്നെ ആവശ്യമാണ്.

## തിരുനബി(സ)ന്റെ ദൈവികാരാധനകളെ സംബന്ധിച്ച ഹൃദയസ്പർശിയായ വിവരണം

ഖുത്വ്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ -

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

റസൂൽ കരീം(സ) നമുക്ക് ഉത്തമ മാതൃകയാണെന്നും എല്ലാ കാര്യങ്ങളിലും അവിടുന്ന് നമുക്ക് മാതൃകയാണെന്നും അല്ലാഹു നമ്മോട് പറഞ്ഞിരിക്കുന്നു. കഴിഞ്ഞ ഖുതുബകളിൽ ഈ വിഷയകമായി തിരുനബി(സ)യുടെ ദൈവസ്നേഹത്തെക്കുറിച്ചാണ് പരാമർശിച്ചിരുന്നത്. ദൈവാനുരാഗത്തെക്കുറിച്ച് പ്രതിപാദിക്കവേ നബി(സ)ന്റെ ആരാധനയുടെ ഉന്നതമായ നിലവാരത്തെക്കുറിച്ചും വിവരിക്കുകയുണ്ടായി.

ദൈവാനുരാഗത്തിന് ശേഷം നബി തിരുമേനി(സ)യുടെ ആരാധനയെ അടുത്ത വിഷയമായി എടുക്കാമെന്നാണ് ഞാൻ കരുതിയിരുന്നത്. എന്നാൽ ദൈവസ്നേഹത്തെക്കുറിച്ച് പറഞ്ഞു തുടങ്ങിയപ്പോൾ ആരാധനയുമായി ബന്ധപ്പെട്ട ഒട്ടനവധി സംഭവങ്ങൾ അതിൽ വന്നിരുന്നു. ഈ രണ്ട് വിഷയങ്ങളെയും വെവ്വേറെ പ്രതിപാദിക്കാൻ ആഗ്രഹിച്ചിട്ടും എനിക്ക് അതിന് സാധിച്ചില്ല; എന്തെന്നാൽ അവ രണ്ടും പരസ്പരപൂരകങ്ങളാണ്. **ദൈവസ്നേഹമില്ലാതെ യഥാർത്ഥ ആരാധനയില്ല, ആരാധനയില്ലാതെ ദൈവസ്നേഹവുമില്ല. അല്ലാഹുവോട് സ്നേഹമില്ലെങ്കിൽ യഥാർത്ഥമായ ആരാധന ഒരിക്കലും സാധ്യമാകില്ല.**

എന്തായാലും, ഇന്ന് ഞാൻ ഇതു സംബന്ധമായി വിവരിക്കുന്ന കാര്യങ്ങൾ ആരാധനയുമായി ബന്ധപ്പെട്ടവയാണെങ്കിലും അതിന്റെ പാരമ്യത, കഴിഞ്ഞ ഖുതുബയിൽ സൂചിപ്പിച്ചതുപോലെ ദൈവാനുരാഗത്തിലാണ് ചെന്നെത്തുന്നത്. തിരുമേനിയുടെ പ്രസ്തുത ദൈവാനുരക്തിയുടെ ഉന്നത നിലവാരത്തെ അല്ലാഹു ഖുർആനിൽ വിവരിച്ചിരിക്കുന്നത് കഴിഞ്ഞ ഖുതുബകളിൽ ഒരു സൂക്തത്തിലൂടെ ഞാൻ വിശദീകരിച്ചിരുന്നു. അല്ലാഹു പറയുന്നു:

قُلْ إِنَّ صَلَاتِي وَنُسُكِي وَمَحْيَايَ وَمَمَاتِي لِلَّهِ رَبِّ الْعَالَمِينَ۔

പറയുക: തീർച്ചയായും എന്റെ ആരാധനയും എന്റെ ബലിയും എന്റെ ജീവിതവും എന്റെ മരണവും ലോകരക്ഷിതാവായ അല്ലാഹുവിനുള്ളതാകുന്നു.

(സൂറഃ അൽ-അൻആം: 163).

ഞാൻ പറഞ്ഞതുപോലെ ഈ സൂക്തത്തിന്റെ വിശദീകരണം കഴിഞ്ഞ ഖുതുബകളിൽ വന്നതുകൊണ്ട് അത് വീണ്ടും വിവരിക്കേണ്ടതില്ല. തുടർന്ന് അല്ലാഹു അവിടുത്തെക്കൊണ്ട്

فَاتَّبِعُونِي يُحْبِبْكُمُ اللَّهُ

എന്ന് പ്രഖ്യാപിപ്പിക്കുകയും, ആ സ്നേഹത്തിന്റെ ഉന്നത നിലവാരങ്ങൾ കൈവരിക്കാൻ നമ്മോട് നിർദ്ദേശിക്കുകയും ചെയ്തു. അതായത്, നിങ്ങൾ എന്നെ പിന്തുടരുകയാണെങ്കിൽ അല്ലാഹു നിങ്ങളെ സ്നേഹിക്കും, (ആലു ഇംറാൻ :32) നിങ്ങൾക്ക് അല്ലാഹുവിന്റെ പ്രീതി ലഭിക്കും എന്ന് ജനങ്ങളോട് പറയാൻ അല്ലാഹു കൽപ്പിച്ചു. ഈ രീതിയിൽ പ്രഖ്യാപനം നടത്താൻ തിരുമേനിയോട് കല്പിക്കുക വഴി പ്രസ്തുത നിലവാരം കരസ്ഥമാക്കാൻ യഥാർത്ഥ പരിശ്രമം നടത്തണമെന്ന് അല്ലാഹു നമ്മോട് നിർദേശിക്കുന്നു.

**ആരാധനയെക്കുറിച്ച് ഖുർആനിൽ നബിതിരുമേനി(സ) മുഖേന അല്ലാഹു നമുക്ക് നിരവധി കൽപ്പനകൾ നൽകിയിട്ടുണ്ട്.**

ഒരിടത്ത് അല്ലാഹു പറയുന്നു:

وَمَا خَلَقْتُ الْجِنَّ وَالْإِنسَ إِلَّا لِيَعْبُدُونِ

(ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല. - സൂറഃ അദ്ദാരിയാത്ത്: 57).

**അതായത്, നിങ്ങൾ എന്നെ പിന്തുടരാൻ ആഗ്രഹിക്കുന്നുവെങ്കിൽ കേട്ടുകൊള്ളുക, മനുഷ്യ സൃഷ്ടിയുടെ ലക്ഷ്യം ഞാൻ എങ്ങനെ മനസ്സിലാക്കിയോ അതുപോലെ നിങ്ങളും മനസ്സിലാക്കുകയും അതിന്റെ കടമ നിറവേറ്റാൻ പരിശ്രമിക്കുകയും ചെയ്യുക. എങ്കിൽ മാത്രമേ സൃഷ്ടിപ്പിന്റെ ലക്ഷ്യം കണ്ടെത്തി അല്ലാഹുവിന്റെ സ്നേഹം നേടാൻ നിങ്ങൾക്ക് സാധിക്കുകയുള്ളൂ.**

ആരാധനയിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് അല്ലാഹു മറ്റൊരിടത്ത് ഇപ്രകാരം പറയുന്നു:

يَا أَيُّهَا النَّاسُ اعْبُدُوا رَبَّكُمُ الَّذِي خَلَقَكُمْ وَالَّذِينَ مِن قَبْلِكُمْ لَعَلَّكُمْ تَتَّقُونَ

(ജനങ്ങളേ, നിങ്ങളെയും നിങ്ങളുടെ മുൻഗാമികളെയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുക; നിങ്ങൾ തഖ്‌വ (ദൈവഭക്തി) ഉള്ളവരായി മാറാൻ വേണ്ടി. - സൂറഃ അൽ-ബഖറ: 22).

**അല്ലാഹുവിന്റെ സാമീപ്യം ലഭിക്കാനും തഖ്‌വ കൈവരിക്കാനും അല്ലാഹുവിനെ ആരാധിക്കേണ്ടതും ആരാധനയുടെ നിലവാരം ഉയർത്തേണ്ടതും അത്യന്താപേക്ഷിതമാണ്.**

അല്ലാഹു വീണ്ടും പറയുന്നു:

يَا أَيُّهَا الَّذِينَ آمَنُوا ارْكَعُوا وَاسْجُدُوا وَاعْبُدُوا رَبَّكُمْ وَافْعَلُوا الْخَيْرَ لَعَلَّكُمْ تُفْلِحُونَ

(സത്യവിശ്വാസികളേ, നിങ്ങൾ റുകൂഅ് ചെയ്യുകയും സുജൂദ് ചെയ്യുകയും നിങ്ങളുടെ നാഥനെ ആരാധിക്കുകയും നന്മ പ്രവർത്തിക്കുകയും ചെയ്യുക; നിങ്ങൾ വിജയികളാകാൻ വേണ്ടി. - സൂറഃ അൽ-ഹജ്ജ്: 78).

**റസൂൽ(സ) ഈ കൽപ്പനകൾ നമുക്ക് നൽകുക മാത്രമല്ല, സ്വന്തം പ്രവൃത്തിയിലൂടെ അതിന്റെ അത്യുന്നത മാതൃക കാണിച്ചുതരികയും ചെയ്തു. ഈ നിലവാരത്തിലേക്ക് നിങ്ങൾ സ്വയം വന്നു ചേരുമ്പോൾ മാത്രമേ അനുസരണയും അനുഗമനവും യഥാർഥ നിലയിൽ പൂർത്തിയാവുകയുള്ളൂ എന്നു ഉദ്ബോധിപ്പിക്കുകയും ചെയ്തു. അവിടുത്തെ മാതൃകയും കൽപ്പനകളും മുൻനിർത്തി നാം പ്രവർത്തിക്കുമ്പോൾ മാത്രമേ അവിടുന്ന് തന്റെ ഉമ്മത്തിനുവേണ്ടി നടത്തിയ പ്രാർത്ഥനകൾ നമുക്ക് പ്രയോജനപ്പെടുകയുള്ളൂ. കേവലം പ്രകടനങ്ങൾ കൊണ്ടോ വാക്കുകൾ കൊണ്ടോ ആത്മീയാനുഗ്രഹങ്ങൾ ലഭിക്കില്ല.**

ഏതായാലും അവിടുന്ന് സ്ഥാപിച്ച മാതൃകകളിൽ പലതും ഞാൻ വിവരിച്ചു കഴിഞ്ഞു. ഇനിയും ഉണ്ട്. ഞാൻ അവ അവതരിപ്പിക്കാം.

**തിരുനബി(സ) ആരാധനയ്ക്കുള്ള ഒരു അവസരവും പാഴാക്കിയിരുന്നില്ല. ഉറങ്ങുമ്പോഴും അവിടുത്തെ ഹൃദയം ആരാധനയിലായിരുന്നു.**

അവിടുന്ന് പറഞ്ഞതുപോലെ: എന്റെ കണ്ണുകൾ ഉറങ്ങുന്നുണ്ടാകാം, എന്നാൽ എന്റെ ഹൃദയം അല്ലാഹുവിന്റെ സ്മരണയിൽ നിന്നും ആരാധനയിൽനിന്നും അശ്രദ്ധമാകുന്നില്ല.

(സ്വഹീഹ് ബുഖാരി കിത്താബുൽ മനാഖിബ്, രിവായത്ത് 3569)

സദാ അല്ലാഹുവിനെ മുൻനിർത്തി പ്രവർത്തിക്കുന്ന തലത്തേക്ക് ഉയരണമെന്നാണ് തന്നെ പിന്തുടരുന്നവരെ അവിടുന്ന് ഉപദേശിച്ചത്. തന്റെ ആരാധനയുടെ കാര്യത്തിൽ അവിടുന്ന് വളരെ സൂക്ഷ്മമായി സ്വയം വിലയിരുത്തിയിരുന്നു.

ഇതു സംബന്ധമായി ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹദ്റത്ത് ആയിശ(റ) വിവരിക്കുന്നു: ഒരിക്കൽ നബി(സ) ചിത്രത്തുന്നലുകളുള്ള ഒരു വിരിപ്പിൽ നമസ്ക്കരിച്ചു. ആ ചിത്രങ്ങളിൽ ഒരുവേള തന്റെ ദൃഷ്ടി പതിഞ്ഞപ്പോൾ നമസ്കാരം കഴിഞ്ഞയുടനെ അവിടുന്ന് പറഞ്ഞു: ഈ വിരിപ്പ് അബൂജഹ്മിന്റെ അടുത്തേക്ക് കൊണ്ടു പോകുക, പകരം ചിത്രങ്ങളില്ലാത്ത അദ്ദേഹത്തിന്റെ സാദാ വിരിപ്പ് എനിക്ക് കൊണ്ടുവന്നു നൽകുക. എന്തെന്നാൽ അതെന്നെ നമസ്കാരത്തിൽ നിന്ന് ശ്രദ്ധ തെറ്റിച്ചിരിക്കുന്നു. അതായത് ആ വിരിപ്പിലേക്ക് ഒരു നിസ്സാര നോട്ടം പോലും പതിഞ്ഞപ്പോൾ തന്റെ ശ്രദ്ധ അല്ലാഹുവിൽനിന്ന് മാറിപ്പോകുന്നത് അവിടുത്തേക്ക് അസഹനീയമായിരുന്നു. ഹദ്റത്ത് ആയിശ(റ) വിവരിക്കുന്നു: അവിടുന്ന് അരുളി: ഞാൻ നമസ്കാരത്തിലായിരിക്കെ അതിന്റെ ചിത്രങ്ങൾ കാണാനിടയായി, അത് എന്നെ പരീക്ഷണത്തിലാക്കുമെന്ന് ഞാൻ ഭയപ്പെട്ടു.

• ഹദീഥുന്നബ്‌വി ﷺ •

"ഇത്തഖുല്ലാഹ ഫിന്നിസാഇ."
സ്ത്രീകളുടെ കാര്യത്തിൽ അല്ലാഹുവിനെ ഭയപ്പെടുക.

ത്വാലിബെ ദുആ
C. K.MUHAMMED SHAREEF&FAMILY
AHMADIYYA JAMA-ATH VANIYAMBALAM,

• ഹദീഥുന്നബ്‌വി ﷺ •

"അൽമുസ്‌ലിമു മിർഅത്തുൽ മുസ്‌ലിമി."
ഒരു മുസ്‌ലിം മറ്റൊരു മുസ്‌ലിമിന്റെ കണ്ണാടിയാകുന്നു.

ത്വാലിബെ ദുആ
LATE T.K.SIDHIQUE AND FAMILY
KARULAI, MALAPPURAM

*(സ്വഹീഹ് ബുഖാരി കിത്താബുസ്സലാത്ത്, രിവായത്ത് 373)*

ഇതിന്റെ വ്യാഖ്യാനത്തില്‍ സയ്യിദ് സൈനുല്‍ ആബിദീന്‍ വലിയുല്ലാഹ് ഷാ സാഹിബ് (റ) എഴുതുന്നു: ഈ അധ്യായത്തിന്റെ വിഷയം നമസ്ക്കാര സമയത്ത് വസ്ത്രങ്ങള്‍ ലളിതമായിരിക്കണം എന്നതാണ്. ശ്രദ്ധ തെറ്റിക്കുന്ന തിളക്കമോ ഡിസൈനുകളോ അതില്‍ ഉണ്ടാകരുത്. മാനസികമായ ഔന്നത്യം കൈവരിക്കുന്നതോടെ മനുഷ്യന്‍ സ്വാഭാവികമായും ലാളിത്യത്തിലേക്ക് ആകൃഷ്ടനാകുകയാണ് ചെയ്യുന്നത്. അദ്ദേഹം എഴുതുന്നു: നല്ല പക്വമതികളായ ആളുകള്‍ ലളിതമായ നിറങ്ങള്‍ ഇഷ്ടപ്പെടുന്നത് നമുക്ക് കാണാം. അതേസമയം ഇക്കാലത്ത് ചിലര്‍ നമസ്കാരത്തിനിടയിലും സ്വന്തം വസ്ത്രങ്ങളിലേക്കും അതിന്റെ ഇസ്തിരിയിലേക്കും ശ്രദ്ധിക്കുന്നവരുണ്ട്. പൂര്‍ണശ്രദ്ധ നല്കേണ്ടത് നമസ്കാരത്തിലേക്കാണ്; വസ്ത്രങ്ങളിലേക്കല്ല. അദ്ദേഹം എഴുതുന്നു: നമസ്കാരത്തില്‍ പൂര്‍ണ്ണലയനം ആവശ്യമാണ്. അതായത് നമസ്കാരം പൂര്‍ണലയനത്തോടെ മനുഷ്യന്‍ നിര്‍വഹിക്കുമ്പോഴേ അതു യഥാര്‍ഥ നമസ്കാരമായിത്തീരുകയുള്ളൂ. അതുകൊണ്ടാണ് നമസ്കരിക്കുന്നവന്റെ ചുറ്റും അവന്റെ ശ്രദ്ധ തിരിക്കുന്ന സകല വസ്തുക്കളെയും ഇസ്‌ലാം വിലക്കിയിട്ടുള്ളത്. ഇതില്‍ നിന്ന് ദൈവാരാധനയില്‍ അവിടുന്ന് എത്രത്തോളം ഏകാഗ്രത ആഗ്രഹിച്ചിരുന്നുവെന്ന് മനസ്സിലാക്കാം. അല്ലാഹുവില്‍നിന്ന് ശ്രദ്ധയകറ്റുന്ന ഒരു നോട്ടം പോലും അരുത്. അതുകൊണ്ടാണ് ചിത്രങ്ങളോ ചിത്രങ്ങളുള്ള വസ്ത്രങ്ങളോ തിരശ്ശീലകളോ നമസ്കരിക്കുന്നവന്റെ മുന്നില്‍ ഉണ്ടാകരുതെന്ന് വിവിധ ഹദീസുകളില്‍ പ്രതിപാദിച്ചിരിക്കുന്നത്. എന്തെന്നാല്‍ ഇവയെല്ലാം നമസ്കാരത്തില്‍ നിന്ന് ശ്രദ്ധയകറ്റാന്‍ കാരണമായേക്കും. അതുകൊണ്ട് അവ തടഞ്ഞിരിക്കുന്നു. നമസ്കരിക്കുമ്പോള്‍ ശ്രദ്ധ തിരിക്കുന്ന തരത്തിലുള്ള തിരശ്ശീലകളോ ചിത്രങ്ങളോ മുന്നില്‍ ഉണ്ടാകരുതെന്നും നിര്‍ദ്ദേശിക്കപ്പെട്ടിരിക്കുന്നു. ഖിബ്‌ലയുടെ ദിശയില്‍ ഇത്തരം വസ്തുക്കള്‍ ഉണ്ടാകാന്‍ പാടില്ല. *(സ്വഹീഹ് ബുഖാരി ഭാഗം:1, പേജ്:479, നസാറത്ത് ഇശാഅത്ത്)*

അവിടുത്തെ ഉന്നതമായ ആരാധനാ നിലവാരത്തെക്കുറിച്ച് മറ്റൊരു പരാമര്‍ശം കൂടി ലഭിക്കുന്നുണ്ട്: ഹദ്റത്ത് ജഅ്ഫര്‍ ബിന്‍ മുഹമ്മദ്(റ) തന്റെ പിതാവില്‍ നിന്ന് നിവേദനം ചെയ്യുന്നു; ഹദ്റത്ത് ആയിശ(റ)-നോട് ചോദിക്കപ്പെട്ടു, വീട്ടില്‍ റസൂല്‍ (സ) യുടെ കിടക്ക എങ്ങനെയുള്ളതായിരുന്നു? അവര്‍ പറഞ്ഞു: അത് ഈന്തപ്പനയുടെ നാരുകള്‍ നിറച്ച തോല്‍ കൊണ്ടുള്ളതായിരുന്നു. ഹദ്റത്ത് ഹഫ്സ(റ) -നോട് ചോദിക്കപ്പെട്ടു : വീട്ടില്‍ റസൂല്‍ (സ)യുടെ കിടക്ക എങ്ങനെയുള്ളതായിരുന്നു? അവര്‍ പറഞ്ഞു: അതൊരു രോമപ്പുതപ്പായിരുന്നു. അതായത് മൃഗങ്ങളുടെ രോമം കൊണ്ട് ഉണ്ടാക്കിയത്. ഞാന്‍ അത് രണ്ടായി മടക്കി വിരിക്കുമായിരുന്നു, അപ്പോള്‍ അത് കുറേക്കൂടി മൃദുവാകും. നബിതിരുമേനി(സ) അതിലായിരുന്നു ഉറങ്ങിയിരുന്നത്. ഒരു രാത്രി ഞാന്‍, ഇത് നാലായി മടക്കിയാല്‍ വിരിച്ചാല്‍ അതിന്റെ മാര്‍ദവം കാരണം അവിടുത്തേക്ക് കൂടുതല്‍ ആശ്വാസമാകുമെന്ന് കരുതി. അങ്ങനെ ഞങ്ങള്‍ അത് നാലായി മടക്കി വിരിച്ചു. പ്രഭാതമായപ്പോള്‍ അവിടുന്ന് ചോദിച്ചു: രാത്രി നിങ്ങള്‍ എനിക്കായി എന്താണ് വിരിച്ചത്? ഞാന്‍ പറഞ്ഞു: അങ്ങയുടെ കിടക്ക തന്നെയായിരുന്നു അത്, കൂടുതല്‍ സുഖകരമാകാന്‍ ഞങ്ങള്‍ അത് നാലായി മടക്കി വിരിച്ചുവെന്ന് മാത്രം. അവിടുന്ന് പറഞ്ഞു: അതിനെ പഴയതുപോലെ തന്നെ ആക്കുക, കാരണം അതിന്റെ അമിതമായ മൃദുത്വം രാത്രിയിലെ നമസ്കാരത്തിന് എനിക്ക് തടസ്സമാവുകയായിരുന്നു.

*(ശമാഇലുന്നബി(സ), പേജ്: 134, നിവേദനം 314, നൂര്‍ ഫൗണ്ടേഷന്‍)*

കിടക്കയുടെ മൃദുത്വം അവിടുത്തെ ആരാധനയ്ക്ക് തടസ്സമാകുമായിരുന്നില്ലെങ്കിലും, കിടക്ക മൃദുവായതിനാല്‍ അല്പം കൂടി കിടന്ന് അല്ലാഹുവിനെ ആരാധിക്കാന്‍ എഴുന്നേല്‍ക്കാതിരിക്കുന്നത് പോലും അവിടുത്തേക്ക് അസഹനീയമായിരുന്നു. ഇതായിരുന്നു അവിടുത്തെ അത്യുന്നത നിലവാരം.

ഉമ്മുല്‍ മുഅ്മിനീന്‍ ഹദ്റത്ത് സൗദ(റ) നബി(സ) തിരുമേനിയുടെ നമസ്കാരത്തിന്റെ രീതി ഇപ്രകാരം വിവരിക്കുന്നു: ഒരിക്കല്‍ ഞാന്‍ നബി(സ)യുടെ പിന്നില്‍ നമസ്കരിച്ചു. അവിടുന്ന് റുകൂഅ് ദീര്‍ഘിപ്പിച്ചു; എത്രത്തോളമെന്നാല്‍ ദീര്‍ഘനേരം കുനിഞ്ഞു നിന്നത് കാരണം മൂക്കില്‍ നിന്ന് രക്തം വരുമോ എന്ന് ഭയപ്പെട്ട് ഞാന്‍ എന്റെ മൂക്ക് പിടിച്ചുപോയി.

*(അല്‍ഇസാബത് ഫീ തമീസുസ്സഹാബ: കിതാബുന്നിസാ, ഹര്‍ഫുസ്സീന്‍ സൗദ(റ) ബിന്‍ത് സമ്. ഭാഗം 8, പേജ് 196-197, ദാറുല്‍ കുതുബില്‍ ഇല്‍മിയ്യ, 1995)*

അതായത്, **ദൈവത്തോടുള്ള സ്നേഹം അത്രമേല്‍ തീവ്രമാകുമ്പോള്‍ മാത്രമേ പ്രിയതമന്റെ സന്നിധി വിട്ടുപോകാന്‍ മനസ്സുവരാത്ത ഇത്തരം അവസ്ഥകള്‍ ഉണ്ടാവുകയുള്ളൂ. അപ്പോള്‍ ഏത് posture ആണെങ്കിലും ഏത് അവസ്ഥയാണെങ്കിലും വിലയം പ്രാപിച്ച നിലയായിരിക്കും.**

അതുപോലെ **നബിതിരുമേനി(സ)യുടെ ആരാധനയുടെ നിലവാരം** സംബന്ധിച്ച് മുത്വരിഫ് തന്റെ പിതാവില്‍ നിന്ന് നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു: നബി(സ) നമസ്കരിക്കുമ്പോള്‍ കരച്ചില്‍ കാരണം അവിടുത്തെ നെഞ്ചില്‍ നിന്ന് ഒരു ആട്ടുകല്ല് കറങ്ങുന്നതു പോലെയുള്ള ശബ്ദം പുറത്തു വരുമായിരുന്നു.

അതായത് പൊടിയന്ത്രം അഥവാ ഗ്രൈന്റര്‍ പ്രവര്‍ത്തിക്കുന്നതു പോലെ. മറ്റൊരു വിവരണത്തില്‍ ഇത് തിളയ്ക്കുന്ന കലത്തിന്റെ ശബ്ദത്തോടാണ് ഉപമിച്ചിരിക്കുന്നത്. *(അവ: സുനന്‍ നസാഇ, കിത്താബുസ്സഹ്, ഹദീസ് 1214)*

വേറൊരു നിവേദനത്തില്‍ ഹദ്റത്ത് മുആദ് ബിന്‍ ജബല്‍(റ) വിവരിക്കുന്നു: ഞാന്‍ നബി(സ)യുടെ കൂടെ വാഹനത്തിന് പുറകില്‍ ഇരിക്കുകയായിരുന്നു. എനിക്കും നബി(സ)ക്കും ഇടയില്‍ ഇരിപ്പിടത്തിന്റെ പിന്‍ഭാഗമാണ് ഉണ്ടായിരുന്നത്. അവിടുന്ന് എന്നെ വിളിച്ചു: അല്ലയോ മആദ് ബ്നു ജബല്‍! ഞാന്‍ പറഞ്ഞു: അല്ലാഹുവിന്റെ ദൂതരേ, ഞാന്‍ ഇവിടെയുണ്ട്. ഇതെന്റെ ഭാഗ്യമായി ഞാന്‍ കരുതുന്നു. തുടര്‍ന്ന് അവിടുന്ന് അല്പം മുന്നോട്ടു പോയി. എന്നിട്ട് എന്നെ വിളിച്ചു: അല്ലയോ മആദ് ബ്ന്‍ ജബല്‍! ഞാന്‍ പറഞ്ഞു: ലബൈക് യാ റസൂലല്ലാഹ്. ഇതെന്റെ സൗഭാഗ്യമാകുന്നു. അവിടുന്ന് വീണ്ടും മുന്നോട്ടു പോയി. എന്നിട്ട് വിളിച്ചു: അല്ലയോ മആദ് ബ്ന്‍ ജബല്‍! ലബൈക് യാ റസൂലല്ലാഹ്. ഇതെന്റെ സൗഭാഗ്യമാകുന്നു. അവിടുന്ന് ചോദിച്ചു: മുആദ്, അല്ലാഹുവിന് ദാസരുടെ മേലുള്ള അവകാശം എന്താണെന്ന് നിനക്കറിയാമോ? ഞാന്‍ പറഞ്ഞു: അല്ലാഹുവിനും അവന്റെ റസൂലിനുമാണ് അതറിയുക. അവിടുന്ന് പറഞ്ഞു: ദാസന്മാര്‍ അല്ലാഹുവിനെ ആരാധിക്കുകയും അവനോട് ആരെയും പങ്കുചേര്‍ക്കാതിരിക്കുകയും ചെയ്യുക എന്നതാണ് അല്ലാഹുവിന് ദാസരോടുള്ള അവകാശം. തുടര്‍ന്ന് അവിടുന്ന് അല്പം മുന്നോട്ടു പോയി. എന്നിട്ട് വിളിച്ചു: അല്ലയോ മആദ് ബ്നു ജബല്‍! ഞാന്‍ പറഞ്ഞു: ലബൈക് യാ റസൂലല്ലാഹ്. ഇതെന്റെ സൗഭാഗ്യമത്രേ. അവിടുന്ന് ചോദിച്ചു: ദാസന്മാര്‍ക്ക് അല്ലാഹുവിന്റെ മേലുള്ള അവകാശം എന്താണെന്ന് അറിയാമോ? അല്ലാഹുവിന്റെ അവകാശമായിരുന്നു ആദ്യത്തേത്. ഇനി ദാസരുടെ അവകാശമാണ്. അതായത് ആരാധന നിര്‍വഹിക്കുന്ന ദാസന്മാരുടെ. ഞാന്‍ പറഞ്ഞു: അല്ലാഹുവിനും അവന്റെ റ

**• ഹദീഥുന്നബ്‌വി ﷺ •**

**"അദ്ദാലു അലല്‍ഖയ്‌രി കഫായിലിഹീ."**
**നന്മയെക്കുറിച്ചു മാര്‍ഗദര്‍ശനം നല്കുന്നയാള്‍ അത് ചെയ്യുന്നവനെപ്പോലെയാണ്.**

ത്വാലിബെ ദുആ
LATE P.V.SAINAB AND FAMILY
KARULAI, MALAPPURAM

**• ഹദീഥുന്നബ്‌വി ﷺ •**

**"യിദത്തുല്‍ മുഅ്മിനി കഅഖ്ദില്‍കഫ്ഫി."**
**വിശ്വാസിയുടെ വാഗ്ദാനം കൈയില്‍ കിട്ടിയതുപോലെയാണ്.**

ത്വാലിബെ ദുആ
PROF.M.K.ABDUL KAREEM AND FAMILY
KARULAI, MALAPPURAM

സൂലിനുമാണ് അതറിയുക. അവിടുന്ന് പറഞ്ഞു: അവൻ അവരെ ശിക്ഷിക്കാതിരിക്കുക എന്നതാണ് ആ അവകാശം. എന്നുവച്ചാൽ അല്ലാഹു ദാസരെ ശിക്ഷിക്കാതിരിക്കുക. *(അവ: സഹീഹ് മുസ്‌ലിം കിത്താബുൽ ഈമാൻ, ഹദീസ് 35)*

അതായത്, **അവിടുന്ന് സ്വന്തം നിലയിൽ ഉന്നത മാതൃകകൾ സ്ഥാപിക്കുക മാത്രമല്ല, നാം ഇത്തരം നിലവാരങ്ങൾ കൈവരിക്കാൻ പരിശ്രമിക്കണമെന്ന് ഉപദേശിക്കുകയും ചെയ്തു. ഇപ്രകാരം പ്രവർത്തിക്കുന്നപക്ഷം നിങ്ങളും ദൈവസ്നേഹം കരസ്ഥമാക്കുന്നവരും ദൈവശിക്ഷയിൽനിന്ന് രക്ഷപ്പെടുന്നവരായിത്തീരുമെന്ന് ഉദ്ബോധിപ്പിക്കുകയും ചെയ്തു.**

ഹദ്റത്ത് മസീഹ് മൗഊദ്(അ), നബി(സ) യെ പ്രകീർത്തിച്ചുകൊണ്ട് ഒരിടത്ത് പറയുന്നു:

വിശുദ്ധ ഖുർആൻ പ്രചരിപ്പിക്കാൻ റസൂൽ കരീം(സ) നിയോഗിക്കപ്പെട്ടതു പോലെ തന്നെ സുന്നത്ത് (പ്രവാചകചര്യ) നിലനിർത്താനും കൂടിയാണ് നിയോഗിതരായത്. ഖുർആനെപ്പോലെത്തന്നെ കണ്ണിമുറിയാതെ തുടർന്നു പോരുന്ന അവിടുത്തെ തിരുചര്യകളും ദൃഢജ്ഞാനത്തിൽ അധിഷ്ഠിതമാണ്. അതായത്, തിരുമേനി(സ)യോളം എത്തുകയും അവിടുത്തെ പ്രവൃത്തിയിലൂടെ സ്ഥിരീകരിക്കപ്പെടുകയും നിവേദകപരമ്പരയിലൂടെ കൈമാറി വന്നതുമായ ചര്യകൾ. ഈ രണ്ട് സേവനങ്ങളും അവിടുന്ന് സ്വന്തം കൈകളാൽ നിർവ്വഹിക്കുകയും അവ രണ്ടും തന്റെ കടമയായി കരുതുകയും ചെയ്തു. നമസ്കരിക്കാൻ കൽപ്പന വന്നപ്പോൾ അല്ലാഹുവിന്റെ ആ വചനത്തെ അവിടുന്ന് തന്റെ പ്രവൃത്തിയിലൂടെ വിശദീകരിച്ചു നൽകി. ഫജ്ർ നമസ് കാരത്തിലും മഗ്രിബ് നമസ്കാരത്തിലും അതുപോലെ മറ്റു നമസ്കാരങ്ങളിലും ഇത്രയിത്ര റക്അത്തുകൾ ഉണ്ടെന്ന് പ്രായോഗികമായി കാണിച്ചുതന്നു. അതുപോലെ ഹജ്ജ് ചെയ്ത് കാണിച്ചു കൊടുക്കുകയും ആയിരക്കണക്കിന് സ്വഹാബികളെക്കൊണ്ട് അത് ചെയ്യിക്കുകയും വഴി ആ ചര്യയെ ശക്തമായി സ്ഥാപിക്കുകയും ചെയ്തു.

അവിടുന്ന് സ്വയം പ്രവർത്തിക്കുകയും മറ്റുള്ളവരെക്കൊണ്ട് അത് നിലനിർത്തുകയും ചെയ്തു. ആകയാൽ ഉമ്മത്തിൽ ഇന്നോളം നിലനിൽക്കുന്നതും അനുഭവപ്പെട്ടതുമായ ഈ പ്രായോഗിക മാതൃകയെയാണ് സുന്നത്ത് എന്ന് പറയുന്നത്.

അദ്ദേഹം എഴുതുന്നു: എന്നാൽ ഹദീസുകൾ അവിടുത്തെ സാന്നിധ്യത്തിൽ എഴുതപ്പെട്ടവയോ അവ ശേഖരിക്കാൻ പ്രത്യേക ക്രമീകരണങ്ങൾ ചെയ്തവയോ ആയിരുന്നില്ല.

ചുരുക്കത്തിൽ അദ്ദേഹം ഇവിടെ സുന്നത്തും ഹദീസും തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ച് വിവരിക്കുകയായിരുന്നു.

അവിടുന്ന് പറയുന്നു: സുന്നത്തിനാണ് മുൻഗണന, ഹദീസിന്റെ സ്ഥാനംഅതിനുശേഷമാണ്. ഖുർആനും സുന്നത്തിനും വിരുദ്ധമല്ലാത്ത ഹദീസുകൾ സ്വീകാര്യമാണ്. (അവ: റിവ്യൂ ബർ ബട്ടാലവി & ചക്ടാലവി, റൂഹാനി ഖസാഇൻ ഭാഗം 19, പേജ്: 210..212)

ഹദ്റത്ത് മസീഹ് മൗഊദ്(അ), നബി(സ)യുടെ ആരാധനാ നിലവാരത്തെ പ്രകീർത്തിക്കുന്നതിനൊപ്പം, അവിടുന്ന് ഇതെല്ലാം പ്രവർത്തിച്ചു കാണിക്കുകയും തന്റെ അനുയായികളോട് അത് പിന്തുടരാൻ ഉപദേശിക്കുകയും അവരെക്കൊണ്ട് അത് ചെയ്യിക്കുകയും ചെയ്തുവെന്നും വ്യക്തമാക്കുന്നു.

**ആകയാൽ ഈ സുന്നത്താണ് ഇന്ന് നമ്മിലേക്ക് എത്തിച്ചേർന്നുകൊണ്ടിരിക്കുന്നത്. സ്വഹാബികളിലൂടെ നമ്മിലേക്ക് എത്തിച്ചേർന്നിരിക്കുന്ന ആ സുന്നത്ത് അവിടുത്തെ ശിക്ഷണയത്നങ്ങളുടെ ഫലമാണ്. അവിടുന്ന് സ്വഹാബികൾക്ക് എത്രത്തോളം ഉന്നതമായി ശിക്ഷണം നല്കിയെന്നാൽ അവരുടെ ആരാധനാ നിലവാരവും ദൈവസ്നേഹവും ഉന്നത വിഹായസ്സുകളിലേക്ക് ഉയർന്നുകൊണ്ടിരുന്നു. അവിടുന്ന് സ്ഥാപിച്ചു കാണിക്കുകയും സ്വഹാബികൾ ഏറ്റെടുക്കുകയും ചെയ്ത മാതൃകയാണിത്. നമുക്കുള്ള കൽപ്പനയും അതുതന്നെയാണ്.**

അവിടുന്ന് തഹജ്ജുദ് നമസ്കാരത്തെക്കുറിച്ച് വളരെയധികം ഉപദേശിക്കുമായിരുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(റ) ഇതിന്റെ വിശദീകരണത്തിൽ എഴുതുന്നു: ഈ ഐച്ഛിക നമസ്കാരങ്ങളുടെ (നവാഫിൽ) കാര്യത്തിൽ റസൂൽ(സ) എത്ര ശ്രദ്ധാലുവായിരുന്നുവെന്നാൽ അവ ഒരു ഐഛികകർമ്മമായിരുന്നിട്ടും ഏതൊക്കെ സ്വഹാബികളാണ് ഈ നമസ്കാരം നിർവ്വഹിക്കുന്നതെന്ന് രാത്രിയിൽ അവിടുന്ന് നടന്നു നോക്കുമായിരുന്നു. അതായത്, നഗരത്തിലെ തെരുവുവീഥികളിലൂടെ നടന്ന് എവിടെ നിന്നാണ് നമസ്കാരത്തിന്റെ ശബ്ദം കേൾക്കുന്നതെന്നും ആരൊക്കെ തഹജ്ജുദിനായി എഴുന്നേറ്റിട്ടുണ്ടെന്നും ആരാണ് തഹജ്ജുദ് നിർവഹിക്കാത്തതെന്നും അവിടുന്ന് പരിശോധിക്കുമായിരുന്നു. ചുരുക്കത്തിൽ, തന്റെ അനുയായികളിൽ ആരൊക്കെ തഹജ്ജുദ് നമസ്കരിക്കുന്നുണ്ടെന്ന് അവിടുന്ന് വിലയിരുത്തുമായിരുന്നു.

**ഇക്കാലത്ത് ഒരാളോട് നമസ്കാരത്തെക്കുറിച്ച് ചോദിക്കുകയോ, പള്ളിയിൽ വന്ന് നമസ്കരിക്കണമെന്ന് നിർദ്ദേശിക്കുകയോ എത്ര നമസ്കാരങ്ങളാണ് പള്ളിയിൽ വന്ന് നിർവഹിക്കുന്നതെന്ന് ചോദിക്കുകയോ ചെയ്താൽ ആളുകൾ അതിന് ആക്ഷേപം ഉന്നയിക്കാൻ തുടങ്ങുന്നു. ഇത് ഞങ്ങളുടെ വ്യക്തിപരമായ കാര്യമാണ്, ചോദിക്കാൻ നിങ്ങൾ ആരാണ്? ജമാഅത്തിന് ഇതു അന്വേഷിക്കേണ്ട ആവശ്യമെന്ത്? ഇത് ഞങ്ങളും അല്ലാഹുവും തമ്മിലുള്ള കാര്യമാണ് എന്നാണ് പലരുടെയും വാദം. എന്നാൽ നബി(സ)തിരുമേനിയാകട്ടെ തഹജ്ജുദ് നമസ്കാരത്തിന്റെ കാര്യത്തിൽ പോലും ഇത്തരത്തിൽ പരിശോധന നടത്തുമായിരുന്നു.**

ഒരിക്കൽ അവിടുത്തെ സദസ്സിൽ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ(റ)നെക്കുറിച്ച് അദ്ദേഹം വളരെ നല്ല വ്യക്തിയാണെന്നും ഇന്ന ഇന്ന ഗുണങ്ങൾ അദ്ദേഹത്തിനുണ്ടെന്നും പരാമർശമുണ്ടായി. അവിടുന്ന് പറഞ്ഞു: അതേ, അദ്ദേഹം നല്ല മനുഷ്യനാണ്, പക്ഷേ അദ്ദേഹം തഹജ്ജുദ് നമസ്കരിക്കുകയാണെങ്കിൽ അത് കൂടുതൽ നന്നായിരുന്നു. യുവാവായിരുന്ന അബ്ദുല്ലാഹ് ബിൻ ഉമർ അന്ന് തഹജ്ജുദിന്റെ കാര്യത്തിൽ അല്പം അശ്രദ്ധ കാണിച്ചിരുന്നതിനാലാണ് അവിടുന്ന് അപ്രകാരം ശ്രദ്ധ ക്ഷണിച്ചത്. പിന്നീട് നബി(സ) പറഞ്ഞു: രാത്രി എഴുന്നേറ്റ് തഹജ്ജുദ് നമസ്കരിക്കുകയും തന്റെ ഭാര്യയെ വിളിച്ചുണർത്തുകയും ചെയ്യുന്ന ഭർത്താവിനോട് അല്ലാഹു കരുണ കാണിക്കട്ടെ. അവൾ ഉണരുന്നില്ലെങ്കിൽ അവളുടെ മുഖത്ത് വെള്ളം തളിച്ച് അവളെ ഉണർത്തട്ടെ. അതുപോലെ രാത്രി എഴുന്നേറ്റ് തഹജ്ജുദ് നമസ്കരിക്കുകയും ഭർത്താവിനെ വിളിച്ചുണർത്തുകയും ചെയ്യുന്ന ഭാര്യയോടും അല്ലാഹു കരുണ കാണിക്കട്ടെ; അയാൾ ഉണരുന്നില്ലെങ്കിൽ മുഖത്ത് വെള്ളം തളിച്ച് അവൾ അയാളെ ഉണർത്തട്ടെ.

നോക്കൂ, ഒരു വശത്ത് ഭാര്യ ഭർത്താവിനെ ആദരിക്കേണ്ടത് അങ്ങേയറ്റം അനിവാര്യമാണെന്ന് നബി(സ) പഠിപ്പിക്കുന്നു, മറുവശത്ത് തഹജ്ജുദിന് ഭർത്താവിന്റെ മുഖത്ത് വെള്ളം തളിച്ച് ഉണർത്തേണ്ടി വന്നാലും അവിടുന്ന് അനുവദനീയമാക്കുന്നു. തഹജ്ജുദ് നമസ്കാരത്തിന് അവിടുന്ന് എത്രത്തോളം പ്രാധാന്യം നൽകിയിരുന്നുവെന്ന് ഇതിൽ നിന്ന് വ്യക്തമാണ്.

രാത്രി എഴുന്നേൽക്കുന്നത് മനസ്സിനെ നേരെയാക്കുന്നു എന്നാണ് ഖുർആൻ പറയുന്നത്. അതുകൊണ്ടാണ് രണ്ട് റക്അത്താണെങ്കിൽ പോലും തഹജ്ജുദ് നിർവ്വഹിക്കണമെന്ന് അവിടുന്ന് സ്വഹാബികളോട് കൽപ്പിച്ചത്. രാവിന്റെ അന്ത്യയാമങ്ങളിൽ അല്ലാഹു തന്റെ ദാസന്മാരോട് അങ്ങേയറ്റം അടുക്കുന്നുവെന്നും പ്രാർത്ഥനകൾക്ക് ഉത്തരം നൽകുന്നുവെന്നും ഹദീസുകളിൽനിന്ന് തെളിയുന്നു. ആകയാൽ **തഹജ്ജുദ് അനുഷ്ഠിക്കുക എന്നത് അങ്ങേയറ്റം അനിവാര്യവും പ്രയോജനപ്രദവുമത്രേ.**

*(അവ: സീറത്തുന്നബി, ഹ.മിർസാ ബശീറുദ്ദീൻ മഹ്മൂദ്, ഭാഗം 1, പേജ്: 416..417)*

അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ടാണ് മനുഷ്യന് മോക്ഷം ലഭിക്കുന്നത് എന്ന കാര്യത്തിൽ സംശയമില്ല. സ്വന്തം കർമ്മങ്ങൾ കൊണ്ട് മാത്രം രക്ഷപ്പെടുമെന്ന് ആർക്കും അവകാശപ്പെടാൻ കഴിയില്ല. ഏറ്റവും കൂടുതൽ സത്കർമങ്ങൾ അനുഷ്ഠിക്കുകയും അല്ലാഹുവിനെ ഏറ്റവുമധികം അനുസരിക്കുകയും ചെയ്ത മുഹമ്മദ് നബി(സ)പോലും സ്വന്തം കർമ്മങ്ങളിൽ മാത്രം വിശ്വസിച്ചിരുന്നില്ല. ഹദീസിൽ വന്നിരിക്കുന്നു-കഴിഞ്ഞ ഖുതുബയിൽ ഞാൻ പറഞ്ഞതുപോലെ അങ്ങ് സ്വന്തം കർമ്മങ്ങൾ കൊണ്ട് സ്വർഗ്ഗത്തിൽ പോകുമല്ലോ എന്ന് സഹാബാക്കളും ഹദ്റത്ത് ആയിശയും പറഞ്ഞപ്പോൾ; **ഇല്ല ആയിശാ, അല്ലാഹുവിന്റെ അനുഗ്രഹം ഒന്നുകൊണ്ട് മാത്രമേ ഞാൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയുള്ളു എന്നാണ് അവിടുന്ന് പറഞ്ഞത്.** അതുകൊണ്ട്, ഓരോ ശ്വാസവും ഓരോ ചലനവും ആ

രാധനയായിരുന്ന, ഉറക്കവും ഉണർച്ചയും ഇബാദത്തായി ഗണിക്കപ്പെട്ടിരുന്ന, ഓരോ അനക്കമടക്കവും ദൈവസ്മരണയായിരുന്ന, അവിടുത്തെ ശാരീരിക ആവശ്യങ്ങൾ നിറവേറ്റുന്നതും ഭാര്യമാരുടെ അടുക്കൽ പോകുന്നതും പോലും ആരാധനയായി മാറിയിരുന്ന മുഹമ്മദ് നബി[സ] യെപ്പോലൊരു മഹാനായ മനുഷ്യൻ ഞാൻ എന്റെ കർമ്മങ്ങൾ കൊണ്ടല്ല, മറിച്ച് അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ടാണ് സ്വർഗ്ഗത്തിൽ പ്രവേശിക്കുക എന്ന് പറയുമ്പോൾ, സ്വന്തം കർമ്മങ്ങൾ കൊണ്ട് സ്വർഗ്ഗാവകാശിയാകുമെന്ന് അവകാശപ്പെടാൻ മറ്റാർക്കാണ് കഴിയുക?

റസൂൽ കരീം[സ]യുടെ ഓരോ പ്രവൃത്തിയും എങ്ങനെയാണ് ആരാധനയിൽ ഉൾപ്പെടുന്നതെന്ന് നിങ്ങൾ ചിന്തിക്കേണ്ടതില്ല. കാരണം, അവിടുത്തെ ഓരോ അവസ്ഥയും ആരാധനയായിരുന്നു എന്ന് അല്ലാഹു തന്നെ അറിയിച്ചു തന്നിട്ടുണ്ട്. അവിടുത്തെ ഓരോ ചലനവും എങ്ങനെ ആരാധനയാകും എന്ന് അറിവില്ലാത്തവർക്ക് തോന്നിയേക്കാം; എന്നാൽ മുഹമ്മദ് നബി[സ]യുടെ ഓരോ പ്രവൃത്തിയും ആരാധനയായിരുന്നു എന്നത് തികച്ചും സത്യമായ കാര്യമാണ്. അതെ, തിരുമേനിയെ ഒഴിച്ച് മറ്റൊരാളുടെയും എല്ലാ പ്രവൃത്തികളും ആരാധനയാകില്ല.

അവിടുന്ന് ഉത്തമ മാതൃക ആയതിനാൽ അവിടുത്തെ ഓരോ പ്രവൃത്തിയും അല്ലാഹുവിന്റെ പ്രീതിക്ക് വേണ്ടിയുള്ളതായിരുന്നു. ദൈവപ്രീതിക്കായി ചെയ്യുന്ന ഏതൊരു കാര്യവും ആരാധനയായി മാറുന്നു. മറ്റൊരാളുടെ എല്ലാ പ്രവൃത്തികളും ആരാധനയായി മാറുന്നില്ല. നബി[സ] യെക്കുറിച്ച് അല്ലാഹു പറയുന്നു:

لَكُمْ فِيْ رَسُوْلِ اللّٰهِ اُسْوَةٌ حَسَنَةٌ

അതായത്, അല്ലാഹുവിന്റെ ദൂതന്റെ ഓരോ പ്രവൃത്തിയിലും നിങ്ങൾക്ക് ഉത്തമമായ മാതൃകയുണ്ട്.

ചുരുക്കത്തിൽ റസൂൽ[സ]സ്വന്തം പ്രവൃത്തിയിലൂടെ ഏത് പ്രവൃത്തിയാണ് അനുവദനീയമെന്നും (ജായിസ്) ഏതാണ് അവിഹിതമെന്നും (നാജായിസ്), ഏതാണ് ഉത്തമമെന്നും (മുസ്തഹ്സൻ) ഏതാണ് വെറുക്കപ്പെട്ടതെന്നും (മക്റൂഹ്), ഏതാണ് ഹലാലെന്നും ഏതാണ് ഹറാമെന്നും കാണിച്ചുതന്നു എന്നല്ലേ ഇതിന്റെ അർത്ഥം?

അതുകൊണ്ട്, റസൂൽ[സ]യുടെ ഓരോ പ്രവൃത്തിയും ഒരു വിവരണമാണ്. ഒരു Description ആണ്. ഉദാഹരണത്തിന്, അവിടുത്തെ നമസ്കാരം അല്ലാഹുവിന്റെ ഒരു കൽപ്പനയുടെ പാലനം മാത്രമല്ലായിരുന്നു, മറിച്ച് ഇതൊക്കെയാണ് ഫർള് (നിർബന്ധം), ഇതൊക്കെയാണ് സുന്നത്ത് (ചര്യ), ഇതൊക്കെയാണ് നവാഫിൽ (ഐച്ഛികം) എന്നൊക്കെയുള്ള ഒരു വിളംബരം കൂടിയായിരുന്നു; ഇവ അനുഷ്ഠിക്കുക എന്നത് ദൈവസാമീപ്യത്തിന് അത്യന്താപേക്ഷിതമാണ്. അവിടുത്തെ ഭക്ഷണം കഴിക്കൽ എന്നത് അവിടുന്ന് കഴിക്കുന്ന വസ്തുക്കൾ ഹലാലാണെന്നതിന്റെയും അവിടുന്ന് ഉപേക്ഷിക്കുന്നവ കഴിക്കാൻ യോഗ്യമല്ല എന്നതിന്റെയും വിളംബരമായിരുന്നു.

ചുരുക്കത്തിൽ, റസൂൽ[സ]യുടെ ഓരോ പ്രവൃത്തിയും ജനങ്ങൾക്ക് മാതൃകയായി നിശ്ചയിക്കപ്പെട്ടതുകൊണ്ട്, അവിടുന്ന് അനുവദനീയമാക്കിയതും ഉപയോഗിച്ചതുമായ കാര്യങ്ങൾ ആരാധനയായി (ഇബാദത്ത്) മാറി. അതുപോലെ, അവിടുന്ന് തടഞ്ഞതും ഉപയോഗിക്കാതിരുന്നതുമായ കാര്യങ്ങളും ആരാധനയുടെ ഭാഗമായിത്തീർന്നു.

ആകയാൽ, അവിടുത്തെ ഓരോ പ്രവൃത്തിയും ആരാധനയായിരുന്നു; കാരണം അത് അല്ലാഹുവിന്റെ കൽപ്പനയ്ക്ക് വിധേയമായിരുന്നു. ഇതിനൊരു ഉദാഹരണം പറയാം. ഒരാൾ അസർ നമസ്കാരത്തിന്റെ സമയത്തെക്കുറിച്ച് ചോദിച്ചു. സാധാരണഗതിയിൽ നമസ്കാരം അതിന്റെ ആദ്യ സമയത്ത് തന്നെ നിർവ്വഹിക്കുന്നതാണ് ഉത്തമം. എന്നാൽ അന്ന് റസൂൽ[സ] സമയം വളരെയധികം വൈകിപ്പിച്ചു. നമസ്കാരത്തിന് അവിടുന്ന് ഇപ്രകാരം കാലതാമസം വരുത്തിയതും ഒരു ആരാധനയായിരുന്നു. എന്തുകൊണ്ട്? കാരണം, ഏതെങ്കിലും കാരണവശാൽ ഒരാൾക്ക് ആദ്യ സമയത്ത് നമസ്കരിക്കാൻ കഴിഞ്ഞില്ലെങ്കിൽ, അവസാന സമയം കഴിയുന്നതിന് മുൻപ് നമസ്കരിച്ചാലും അത് സ്വീകാര്യമാകുമെന്ന പാഠം അവിടുന്ന് നൽകുകയായിരുന്നു. അവിടുത്തെ ഫർളുകളും (നിർബന്ധ കടമകളും) വാജിബാത്തുകളും (അനിവാര്യ കാര്യങ്ങളും) നവാഫിലുകളും (ഐശ്ചിക കർമങ്ങളും) സുന്നത്തുകളും (തിരുചര്യകളും) എല്ലാംതന്നെ ദൈവാരാധനയാണെന്ന വിളംബരങ്ങളായിരുന്നു.

ഇത്രയൊക്കെയായിട്ടും അവിടുന്ന് പറയുന്നു: ഞാൻ അല്ലാഹുവിന്റെ കൃപ ഉണ്ടെങ്കിൽ മാത്രമേ സ്വർഗ്ഗത്തിൽ പോകുകയുള്ളൂ. അവിടുത്തെ ഓരോ അവസ്ഥയും ആരാധനയാണെന്ന് അല്ലാഹു പ്രഖ്യാപിച്ചിട്ടും ആ മഹാത്മാവ്, താനും ദൈവകൃപ ഒന്നുകൊണ്ട് മാത്രമേ സ്വർഗത്തിൽ പോകുകയുള്ളൂ എന്നാണ് പറയുന്നത്.

യാഥാർഥ്യം ഇതായിരിക്കെ വളരെ കുറഞ്ഞ കർമ്മങ്ങൾ മാത്രം കൈവശമുള്ള നമുക്ക് എങ്ങനെയാണ് നമ്മുടെ കർമ്മങ്ങൾ കൊണ്ട് സ്വർഗ്ഗത്തിൽ പോകുമെന്ന് പറയാൻ കഴിയുക? ദൈവീക കൃപ എത്രത്തോളം അനിവാര്യമാണെന്ന് ഇതിൽ നിന്ന് വ്യക്തമാണ്.

**ദൈവികാനുഗ്രഹം അനിവാര്യം തന്നെയാണ്. എന്നാൽ, അല്ലാഹുവിന്റെ അനുഗ്രഹം കേവലമായ അവകാശവാദം കൊണ്ട് ലഭിക്കുന്ന ഒന്നല്ല. അത് നേടിയെടുക്കാനും ചില കാര്യങ്ങൾ ആവശ്യമാണ്. വിശ്വാസമുണ്ടെന്ന വെറും വാക്ക് കൊണ്ട് ഒന്നും സംഭവിക്കില്ല; അതിന് കർമ്മം ആവശ്യമാണ്. റസൂൽ[സ]യുടെ ചര്യകളെ പിന്തുടരാനുള്ള പരിശ്രമം, ആരാധനയുടെ നിലവാരം ഉയർത്താനുള്ള പരിശ്രമം, അല്ലാഹുവിന്റെ സ്നേഹം നേടിയെടുക്കാനുള്ള പരിശ്രമം ഇവയാണ് വേണ്ടത്. ഞാൻ തുടക്കത്തിൽ പറഞ്ഞതുപോലെ, ദൈവസ്നേഹമില്ലാതെ യഥാർത്ഥ ആരാധനയില്ല, ആരാധനയില്ലാതെ ദൈവസ്നേഹവുമില്ല.** *(അവ: ഖുത്ബാത്തെ മഹ്മൂദ്, ഭാഗം 1, പേജ്: 111 112)*

**ദുഃആ ചെയ്യുമ്പോൾ റസൂൽ കരീം[സ]യുടെ അവസ്ഥ എന്തായിരുന്നു?**

ഇതേക്കുറിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്[റ] തന്റെ തഫ്സീറിൽ ഒരിടത്ത് എഴുതിയിട്ടുണ്ട്. ചില ഭാഗങ്ങൾ ഞാൻ എന്റെ വാക്കുകളിലും വിവരിക്കാം, എങ്കിലും സാരം അദ്ദേഹത്തിന്റെ വചനങ്ങളിൽ നിന്ന് എടുത്തതാണ്:

പ്രാർത്ഥിക്കുന്ന ഒരുപാടു പേരുണ്ട്, പക്ഷേ അവരുടെ കണ്ണുകളോ ഹൃദയമോ തലച്ചോറോ നെഞ്ചകമോ ആ പ്രാർത്ഥനയെ പിന്തുണയ്ക്കുന്നില്ല. അവർ പ്രാർത്ഥിച്ചുകൊണ്ടിരിക്കും, എന്നാൽ അവരുടെ കണ്ണുകൾ മറ്റെവിടെയോ ആയിരിക്കും, ഹൃദയം മറ്റെന്തിലോ മുഴുകിയിരിക്കും, തലച്ചോറ് ചിന്തകളിൽ അലഞ്ഞുനടക്കും. അവരുടെ നെഞ്ചിൽ അല്ലാഹുവിനോട് ഉണ്ടാകേണ്ട ആ ആഴമേറിയ സ്നേഹം ഉണ്ടായിരിക്കില്ല. ഇതിന്റെ ഫലമെന്താണ്? ഈ കാര്യങ്ങളൊന്നും പ്രാർത്ഥനയ്ക്കൊപ്പം പോകാത്തതുകൊണ്ട്, പിന്താങ്ങാത്തതുകൊണ്ട്, ആ പ്രാർത്ഥന വെറുമൊരു ബാഹ്യമായ പ്രകടനം മാത്രമായി മാറുന്നു. അവരുടെ കണ്ണുകൾ ഈറനണിയുന്നില്ല, ഹൃദയം ഉരുകുന്നില്ല. പ്രാർത്ഥിക്കുമ്പോൾ കണ്ണുകൾ നനയേണ്ടതുണ്ട്, ഹൃദയം ഉരുകേണ്ടതുണ്ട്, ബുദ്ധി ഏകഗ്രമായി അല്ലാഹുവിലേക്ക് തിരിയേണ്ടതുണ്ട്. നെഞ്ച് ആവേശത്താൽ തിളച്ചുമറിയുന്നില്ലെങ്കിൽ, ആ പ്രാർത്ഥന പൊടിപടലങ്ങൾ കാറ്റിൽ പറന്നുപോകുന്നതുപോലെ അന്തരീക്ഷത്തിൽ ഇല്ലാതായിപ്പോകും.

**റസൂൽ കരീം[സ]യേക്കാൾ സ്വതന്ത്രനും അന്തസ്സുള്ളവനുമായി മറ്റാരാണുള്ളത്? എന്നാൽ അവിടുത്തെക്കുറിച്ച് വിവരിക്കപ്പെടുന്നത് ഇപ്രകാരമാണ്; അവിടുന്ന് പ്രാർത്ഥിക്കുമ്പോൾ ചിലപ്പോഴൊക്കെ തിളയ്ക്കുന്ന കലത്തിൽ നിന്നെന്നപോലെ അവിടുത്തെ നെഞ്ചിൽ നിന്ന് ശബ്ദം പുറത്തുവരുമായിരുന്നു. അവിടുന്ന് അത്രമേൽ വിങ്ങിക്കരയുമായിരുന്നു, അവിടുത്തെ പരിശുദ്ധമായ താടിമുടികൾ കണ്ണുനീരുകൊണ്ട് നനഞ്ഞു പോകുമായിരുന്നു.**

എന്നാൽ പല ആളുകളും തങ്ങളുടെ സ്വഭാവമനുസരിച്ച് ദൈവത്തോട് പോലും അഹങ്കാരം കാണിക്കുന്നു, പ്രാർത്ഥനയിൽ കരയുന്നത് അവർ ഇഷ്ടപ്പെടുന്നില്ല. *(അവ: സീറത്തുന്നബി, ഹ.മിർസാ ബശീറുദ്ദീൻ മഹ്മൂദ്, ഭാഗം 2, പേജ്: 149)*

നമസ്കാരങ്ങൾ വികാരസാന്ദ്രമാക്കുക എന്നത് വളരെ പ്രധാനമാണ്. മനുഷ്യൻ അതിനായി പരിശ്രമിക്കണം.

**ഇതു സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്[അ] ഒരു പ്രതിവിധി നിർദ്ദേശിച്ചിട്ടുണ്ട്; കരയുന്നതുപോലെയുള്ള ഒരു രൂപഭാവം സ്വയം ഉണ്ടാക്കിയെടുക്കുക. ആ ബാഹ്യരൂപം പോലും ഹൃദയത്തെ സ്വാധീനിക്കുകയും അങ്ങനെ മനുഷ്യന് കരച്ചിൽ വരികയും ചെയ്യും.**

തന്റെ ആരാധനയുടെ നിലവാരം ഇതാണെന്നും താൻ ദൈവത്തോട് നന്ദികാണിക്കുന്നവനാണെന്നും ദൈവികകൃപ ഉണ്ടെങ്കിലേ തനിക്കു രക്ഷയുള്ളൂ എന്നും ആ കൃപ നേടിയെടുക്കാനായി താൻ ആരാധനകൾ നിർവ്വഹിക്കുന്നുവെന്നും അല്ലാഹു നിരാശ്രയനായതിനാൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് നന്ദി അർപ്പിക്കുന്നുവെന്നും താൻ നന്ദി കാണിക്കുന്നില്ലെങ്കിൽ അല്ലാഹു തന്നോട് എങ്ങനെ പെരുമാറുമെന്ന് അറിയില്ലെന്നുമാണ് നബി(സ) നമ്മോടു പറയുന്നത്.

**സകല പുണ്യവാന്മാരുടെയും നേതാവായ റസൂൽ(സ)യെപോലെയുള്ള മനുഷ്യനുപോലും സൽക്കർമ്മങ്ങളിൽ നിന്ന് വിടുതൽ ലഭിക്കുന്നില്ലെങ്കിൽ മറ്റുള്ളവർക്ക് എങ്ങനെ അങ്ങനെയാകാൻ കഴിയും? ഞങ്ങൾക്ക് കർമ്മങ്ങൾ ആവശ്യമില്ല, അല്ലാഹു പൊറുത്തുതരും എന്ന് അവർക്ക് എങ്ങനെ പറയാൻ സാധിക്കും? ഇത് സത്യവിശ്വാസികളുടെ വാക്കുകളല്ല, മറിച്ച് അവിശ്വാസികളുടേതാണ്.** (അവ: സീറത്തുന്നബി, ഹ.മിർസാ ബശീറുദ്ദീൻ മഹ്മൂദ്, ഭാഗം 2, പേജ്: 183)

**റസൂൽ(സ)യുടെ ദൈവസ്മരണയും ഒരു മാതൃകയാണ്.**

റസൂൽ കരീം(സ) അനുവർത്തിച്ചിരുന്ന ദൈവസ്മരണയെക്കുറിച്ച് ഹദ്റത്ത് മുസ് ലിഹ് മൗഊദ് (റ) ഒരു ഖുതുബയിൽ ഇപ്രകാരം വിവരിക്കുകയുണ്ടായി:

ഉറങ്ങുന്ന നേരത്ത് നിർവ്വഹിക്കേണ്ട ദിക്റുകളും ഇതിൽ ഉൾപ്പെടുന്നു. നബി(സ)ഉറങ്ങാൻ നേരത്ത് ആയത്തുൽ കുർസി, സൂറത്തുൽ ഇഖ്ലാസ്, സൂറത്തുൽ ഫലഖ്, സൂറത്തുന്നാസ് -ഖുർആനിലെ അവസാന മൂന്ന് സൂറത്തുകൾ- എന്നിവ മൂന്ന് തവണ പാരായണം ചെയ്ത് കൈകളിൽ ഊതുകയും, തുടർന്ന് കൈകൾ ശരീരമാസകലം തടവുകയും ചെയ്യുമായിരുന്നു. തലയിൽ നിന്ന് ആരംഭിച്ച് ശരീരത്തിൽ കൈകൾ എത്തുന്നിടം വരെയും അവിടുന്ന് തടവുമായിരുന്നു. ഇത് നബി(സ) യുടെ ഒരു സുന്നത്താണ്. ഒരു മതകർമ്മമെന്ന നിലയിൽ അവിടുന്ന് പതിവായി ചെയ്തിരുന്ന കാര്യങ്ങളെയാണ് സുന്നത്ത് എന്ന് പറയുന്നത്.

**രാത്രിയിൽ ഈ സുക്തങ്ങൾ -അതായത് ആയത്തുൽ കുർസിയും അവസനാന മൂന്നു സുറത്തുകളും- ഓതുന്നത് അവിടുത്തെ പതിവായിരുന്നതിനാൽ ഓരോ മുസ്ലിമും ഈ സുന്നത്ത് പാലിക്കാനും അത് ജീവിതത്തിന്റെ ഭാഗമാക്കാനും പരിശ്രമിക്കണം.**

ചുരുക്കത്തിൽ

**ഇത് അത്ര പ്രധാനമല്ലെന്നും ഇത് ചെയ്തില്ലെങ്കിൽ നരകത്തിൽ പോകില്ലല്ലോ എന്നും കരുതി ഈ സ്മരണകളെ ഉപേക്ഷിക്കരുത്. അതേസമയം, ഈ സ്മരണകൾ മാത്രം സ്വർഗ്ഗത്തിൽ എത്തിക്കാൻ മതിയാകുമെന്നും മറ്റ് കർമ്മങ്ങൾ ആവശ്യമില്ലെന്നും കരുതരുത്. നിർബന്ധ കർമ്മങ്ങൾ പൂർത്തിയാക്കിയേ തീരു.**

ചില ആളുകൾ എനിക്ക് കത്തുകൾ എഴുതാറുണ്ട്; ഞങ്ങളിൽ നന്മകൾ സംജാതമാകാനും പാപങ്ങൾ നീങ്ങാനും കാര്യങ്ങൾ എളുപ്പമാകാനും ദൈവസാമീപ്യം ലഭിക്കാനുമായി ചെറിയ വല്ല പ്രാർത്ഥനയോ ദിക്റോ പറഞ്ഞുതരാമോ എന്ന് അവർ ചോദിക്കാറുണ്ട്. ഇതിൽ ആദ്യത്തെ കാര്യം ആരാധനയാണ്, അതായത് നിർബന്ധ നമസ്കാരങ്ങൾ. റസൂൽ(സ) ഫർള് നമസ്കാരങ്ങൾക്ക് ശേഷം നവാഫിലുകളും (ഐച്ഛിക നമസ്കാരങ്ങൾ) നിർവ്വഹിച്ചിരുന്നു. അതുകൊണ്ട്,

**നമസ്കാരങ്ങളിലൂടെ ദൈവസമക്ഷം ഹാജരാകാനുള്ള ഉന്നത നിലവാരം ആദ്യം കൈവരിക്കേണ്ടതുണ്ട്. അതിനുശേഷമാണ് നഫലുകളുടെയും ദിക്റുകളുടെയും സ്ഥാനം. ദൈവസ്മരണ മനുഷ്യനെ കൂടുതൽ നന്മകളിലേക്ക് നയിക്കും, എന്നാൽ അതോടൊപ്പം തന്നെ ഉത്തമ സ്വഭാവവും (അഖ്ലാഖ്) സൽക്കർമ്മങ്ങളും മുറുകെ പിടിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഉന്നത ധാർമികഗുണങ്ങൾ മനുഷ്യൻ സ്വായത്തമാക്കണം. അല്ലാഹുവിന്റെ സാമീപ്യം ലഭിക്കാനും നമ്മുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകാനും പ്രാർത്ഥനകൾ സ്വീകരിക്കപ്പെടാനും അല്ലാഹുവിന്റെ ഓരോ കൽപ്പനയും പാലിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. നബി(സ) നമുക്ക് എങ്ങനെ പ്രവർത്തിച്ചു കാണിച്ചുതന്നോ അതുപോലെയാകണം നമ്മുടെയും പ്രവർത്തനം. അവിടുത്തെ പൂർണ്ണമായ സുന്നത്തിനെ (ചര്യയെ) പിൻതുടരാൻ നാം പരിശ്രമിക്കണം.**

ദൈവസ്മരണയെ (ദിക്ർ) സംബന്ധിച്ച് ഇങ്ങനെയൊരു ചിന്ത ഉണ്ടാകാൻ പാടില്ല; അതായത്, അത് ഉപേക്ഷിച്ചാൽ നരകത്തിൽ പോകുമെന്നോ, അല്ലെങ്കിൽ ആ സ്മരണ മാത്രം നമ്മെ സ്വർഗ്ഗത്തിൽ എത്തിക്കുമെന്നോ, അതുമാത്രം മതി നമ്മുടെ സകല പ്രശ്നങ്ങളും പരിഹരിക്കപ്പെടാമെന്നോ എന്നൊന്നും കരുതരുത്. കർമ്മങ്ങൾ എന്തായാലും അത്യാവശ്യമാണ്, നിർബന്ധ കടമകളും അത്യാവശ്യമാണ്.

**നബിതിരുമേനി(സ)യെപ്പോലൊരു മഹാത്മാവ് തന്റെ ആത്മീയ പുരോഗതിക്കായി ഈ ദിക്റുകളെ അവലംബിച്ചിരുന്നുവെങ്കിൽ, നമുക്ക് എങ്ങനെയാണ് ഇത്തരം സ്മരണകളുടെ ആവശ്യം ഇല്ലെന്ന് പറയാൻ കഴിയുക?**

ഉറങ്ങാൻ നേരത്ത് ആയത്തുൽ കുർസിയും മൂന്ന് ഖുൽ കളും (അവസാന മൂന്ന് സൂറത്തുകൾ) മൂന്ന് തവണ പാരായണം ചെയ്യുകയെന്നത് നബി(സ)യുടെ സുന്നത്തായിരുന്നു. മുൻപ് വിവരിച്ചതുപോലെ, അവ പാരായണം ചെയ്ത് കൈകളിൽ ഊതി ശരീരത്തിൽ തടവുക എന്നത് അവിടുത്തെ പതിവായിരുന്നു. *(ഖുത്ബാത്തെ മസ്റൂർ, ഭാഗം 11, പേജ് 19.21)*

ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) ചില കാര്യങ്ങളിലേക്ക് വളരെ വിശദമായി ശ്രദ്ധ ക്ഷണിച്ചിട്ടുണ്ട്. അദ്ദേഹം ഒരിടത്ത് എഴുതുന്നു:

മതനേതാക്കളായിരിക്കുന്നവർക്ക് തങ്ങളുടെ ആരാധനകളും സ്മരണകളും മറ്റുള്ളവരേക്കാൾ അധികമായിരിക്കണം എന്ന ചിന്തയുണ്ടാകാറുണ്ട്. മതപണ്ഡിതന്മാരെന്നും മതസംഘടനകളുടെ നേതാക്കളെന്നും അവകാശപ്പെടുന്ന ചിലർ, തങ്ങൾ മറ്റുള്ളവരേക്കാൾ വലിയ ആരാധകരാണെന്ന് വരുത്തിത്തീർക്കാൻ ബോധപൂർവ്വം അഭിനയിക്കാറുണ്ട് ജനങ്ങൾ തങ്ങളെ വലിയ പുണ്യവാന്മാരായി കരുതാൻ വേണ്ടിയാണത്. ഇന്നത്തെ രാഷ്ട്രീയ നേതാക്കളും ഇതേ രീതി പിന്തുടരുന്നു. പള്ളി ഇമാമുമാരും സംഘടനാനേതാക്കളും കയ്യിൽ തസ്ബീഹ് മാലകൾ പിടിക്കുകയും തങ്ങൾ സമൂഹത്തിന് മാതൃകയാണെന്ന് കാണിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. തങ്ങൾ മറ്റുള്ളവർക്ക് മാതൃകയാകേണ്ടവരാണെന്ന് കരുതി അവർ ബാഹ്യമായി അഭിനയിക്കുന്നു. മുസ്ലിംകൾക്കിടയിലും അമുസ്ലിം നേതാക്കൾക്കിടയിലും ഗോത്രവർഗ്ഗ ആചാരങ്ങളിലും ഇത്തരം രീതികൾ കാണാം.

മുസ്ലിംകളുടെ കാര്യം നോക്കിയാൽ, തങ്ങളുടെ ഭക്തി പ്രകടിപ്പിക്കാൻ വുളൂഅ് (അംഗശുദ്ധി) ചെയ്യുമ്പോൾ അവയവങ്ങൾ ദീർഘനേരം കഴുകുകയും, വുളൂഅ് ചെയ്യുമ്പോൾ വീഴുന്ന വെള്ളത്തുള്ളികൾ ശരീരത്തിൽ പതിക്കരുതെന്നും അത് അശുദ്ധിയുണ്ടാക്കുമെന്നും വരെ അവർ പറഞ്ഞു വെക്കുന്നു. ദീർഘനേരം റുകൂഉം സുജൂദും ചെയ്, മുഖഭാവത്തിലൂടെ ഭക്തിയും വിനയവും പ്രകടിപ്പിച്ചും അവർ ആളുകളെ കാണിക്കാൻ ശ്രമിക്കുന്നു. ഇത് അല്ലാഹുവിന്റെ പ്രീതിക്ക് വേണ്ടിയാണെങ്കിൽ അത് വേറെ കാര്യം; എന്നാൽ മിക്കവാറും ഇത് ലോകത്തെ

ഹദീസുന്നബവി • "ലയ്സൽ ഖബ്റു കൽമുആയനത്തി."
കേട്ടറിവ് കറിവുപോലെയല്ല.
TIMBELLA
BEAUTY FROM TIMBER
—NILAMBUR—
SCAN(BAR-CODE) FOR OUR NILAMBUR TEAK FURNITURES
ത്വാലിബെ ദുആ
BEAUTY FROM TIMBER NILAMBUR
FURNITURES FOR ENQUIRY CALL.: 9744366004, 8086399638

ഹദീസുന്നബവി • "ത്വലബൽ ഹലാലി ജിഹാദുൻ."
അനുവദനീയമായ ഉപജീവനം നേടുന്നതും ജിഹാദാണ്.
tectona
feel more confidence

tectona
feels more confidence
All Types Of Quality Furniture
ത്വാലിബെ ദുആ
Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

കാണിക്കാൻ വേണ്ടിയുള്ളതാണ്. ജനങ്ങളുടെ മുന്നിൽ വെച്ച് അവർ വലിയ പ്രാർത്ഥനകൾ ചൊല്ലുകയും കയ്യിൽ തസ്ബീഹുമായി ദൈവസ്മരണയിലാണെന്ന് ഭാവിക്കുകയും ചെയ്യുന്നു.

എന്നാൽ **റസൂൽ(സ) തിരുമേനിയാകട്ടെ, മനുഷ്യരിൽ ഏറ്റവും കൂടുതൽ ദൈവഭയവും സൂക്ഷ്മതയുമുള്ള ആളായിരുന്നു. അവിടുത്തോളം ദൈവഭയം മറ്റൊരു മനുഷ്യനിലും ഉണ്ടാവില്ല. എന്നിട്ടും ഇത്തരം കാര്യങ്ങളിലെല്ലാം അവിടുന്ന് അങ്ങേയറ്റം ലാളിത്യം പുലർത്തി. അവിടുത്തെ ജീവിതം ഇത്തരം കൃത്രിമത്വങ്ങളിൽ നിന്നും നാട്യങ്ങളിൽ നിന്നും തികച്ചും മുക്തമായിരുന്നു.**

ഹദ്റത്ത് അബു ഖതാദ(റ) നിവേദനം ചെയ്യുന്നു; നബി(സ) പറയുന്നു: ചിലപ്പോൾ ഞാൻ ദീർഘമായി നമസ്കരിക്കണമെന്ന ഉദ്ദേശ്യത്തോടെ നിൽക്കാറുണ്ട്. എന്നാൽ ഒരു കുഞ്ഞിന്റെ കരച്ചിൽ കേൾക്കുമ്പോൾ, ആ കുഞ്ഞിന്റെ ഉമ്മയെ പ്രയാസത്തിലാക്കണ്ട എന്ന് കരുതി ഞാൻ നമസ്കാരം ലഘൂകരിക്കുന്നു (ചുരുക്കുന്നു).

ഒരു കുഞ്ഞിന്റെ കരച്ചിൽ കേൾക്കുമ്പോൾ താൻ നമസ്കാരം വേഗം അനുഷ്ഠിക്കുന്നുവെന്ന് നബി(സ) എത്ര ആത്മാർഥമായാണ് പറയുന്നത്. ഇന്നത്തെ കാലത്തെ പല സൂഫികളും അത്തരം ഒരു കാര്യം പറയുന്നത് തങ്ങൾക്ക് ലഭിക്കേണ്ട അന്തസ്സിന് കുറച്ചിലുണ്ടാക്കുമെന്ന് കരുതിയേക്കാം. നമസ്കാരത്തിൽ തങ്ങൾ എത്രത്തോളം ലയിച്ചിരിക്കുന്നുവെന്നാൽ അടുത്തുനിന്ന് ചെണ്ട കൊട്ടിയാൽ പോലും തങ്ങൾ അറിയാറില്ല എന്ന് വീമ്പിളക്കുന്നതിലാണ് അവർ അഭിമാനം കൊള്ളുന്നത്. എന്നാൽ റസൂൽ(സ) ഇത്തരം നാട്യങ്ങളിൽ നിന്നെല്ലാം മുക്തനായിരുന്നു. അവിടുത്തെ മഹത്വം അല്ലാഹു നൽകിയതായിരുന്നു, അല്ലാതെ മനുഷ്യർ നൽകിയ ബഹുമതികളായിരുന്നില്ല അത്. അവിടുത്തേക്ക് മനുഷ്യരിൽ നിന്ന് ഒന്നും നേടാനുണ്ടായിരുന്നില്ല, അല്ലാഹുവിൽ നിന്നുള്ള ആദരവാണ് അവിടുന്ന് ആഗ്രഹിച്ചത്. അതിനാൽ അവിടുന്ന ഇത്തരം കാര്യങ്ങളിൽനിന്ന് മുക്തനായിരുന്നു.

മനുഷ്യർ നൽകുന്ന ആദരവാണ് വലുതെന്ന് കരുതുന്നവർക്ക് മാത്രമേ ഇത്തരത്തിൽ അഭിനയിക്കാൻ കഴിയൂ. ആദരവ് നൽകുന്നത് മനുഷ്യനാണെന്ന് വിചാരിക്കുന്നവർക്കേ ഇത്തരത്തിൽ കാണിച്ചുകൂട്ടാനാകൂ. എന്നാൽ അല്ലാഹുവാണ് യഥാർത്ഥത്തിൽ ആദരവ് നൽകുന്നവൻ എന്ന് വിശ്വസിക്കുന്നവർ, നബി(സ) തന്റെ പ്രവൃത്തിയിലൂടെ കാണിച്ചുതന്ന മാതൃക പിൻതുടരുന്നവർ ഒരിക്കലും ഇത്തരം ചിന്തകൾ വച്ചുപുലർത്തുകയില്ല. അവരിൽ ലാളിത്യമാണ് ഉണ്ടാവുക, ലാളിത്യം തന്നെയാണ് ഉണ്ടാവേണ്ടതും.

ഹദ്റത്ത് അനസ്(റ) നിവേദനം ചെയ്യുന്നു; ഒരിക്കൽ അദ്ദേഹത്തോട് ചോദിക്കപ്പെട്ടു: നബി(സ) ചെരുപ്പ് ധരിച്ചുകൊണ്ട് നമസ്കരിച്ചിട്ടുണ്ടായി രുന്നുവോ? ഒരു വശത്ത് ആരാധനയുടെ ഉന്നത നിലവാരങ്ങൾ കൈവരിക്കേണ്ടതുണ്ട്, എന്നാൽ മറുവശത്ത് എവിടെയാണോ ലളിതമായ രീതി ആവശ്യമുള്ളത് അവിടെ അത് അവലംബിക്കുകയും വേണം. അസർ നമസ്കാരത്തിന്റെ സമയത്തെക്കുറിച്ച് ഞാൻ നേരത്തെ പറഞ്ഞതുപോലെ, എല്ലാ വശങ്ങളും അവിടുന്ന് പരിഗണിക്കാറുണ്ടായിരുന്നു. എന്നാൽ എല്ലാറ്റിനും പിന്നിലെ യാഥാർത്ഥ്യം അല്ലാഹുവിനുള്ള ആരാധനയും അവന്റെ പ്രീതിയും മാത്രമായിരുന്നു.

എന്തായാലും, ആ ചോദ്യത്തിന് ഹദ്റത്ത് അനസ്(റ) മറുപടി നൽകി: അതെ, അവിടുന്ന് (ചെരുപ്പ് ധരിച്ച്) നമസ്കരിക്കാറുണ്ടായിരുന്നു. ഈ സംഭവത്തിൽ നിന്ന് അവിടുന്ന് അനാവശ്യമായ ബാഹ്യപ്രകടനങ്ങളിൽ നിന്ന് എത്രത്തോളം അകന്നുനിന്നിരുന്നു എന്ന് മനസ്സിലാക്കാം. സത്യവിശ്വാസത്തെക്കുറിച്ചും യഥാർത്ഥ അനുഷ്ഠാനമുറകളെക്കുറിച്ചും അറിവില്ലാത്ത മുസൽമാൻ, ആരെങ്കിലും ചെരുപ്പ് ധരിച്ച് നമസ്ക്കരിക്കുന്നത് കണ്ടാൽ വലിയ ബഹളമുണ്ടാക്കിയേക്കാം. തങ്ങൾ നിശ്ചയിച്ചിട്ടുള്ള എല്ലാ നിബന്ധനകളും പൂർത്തിയാക്കാതെ മറ്റൊരാൾ നമസ്കരിക്കുന്നത് കാണാൻ പോലും അവർക്ക് കഴിയില്ല. എന്നാൽ നമുക്ക് ഉത്തമ മാതൃക റസൂൽ(സ) ആണ്. സാഹചര്യങ്ങളെ യാഥാർത്ഥ്യബോധത്തോടെ കാണുക എന്നതായിരുന്നു അവിടുത്തെ രീതി, അല്ലാതെ അനാവശ്യമായ

ചിട്ടവട്ടങ്ങളിൽ അവിടുന്ന് കുടുങ്ങിക്കിടന്നിരുന്നില്ല. ഇന്നും അവസ്ഥ ഇതിന് സമാനമാണ്.

നമ്മുടെ ഒരു അഹ്മദി എനിക്ക് എഴുതുകയുണ്ടായി; മറ്റൊരാൾ അയാളോട് പറഞ്ഞു: നീ ഈ കലിമ ചൊല്ലിയിരിക്കുന്നു അല്ലെങ്കിൽ ഇന്ന കാര്യം ചെയ്തിരിക്കുന്നു. അദ്ദേഹം പറഞ്ഞു: നിങ്ങൾ നമസ്കരിക്കാറുപോലുമില്ല, നമസ്കാരം അറിയുകയുമില്ല, നീ ഖുർആൻ പഠിച്ചിട്ടുമില്ല, നിനക്ക് ഇതിലൊക്കെ എന്താണ് കാര്യം? അയാൾ തുടർന്നു: നമസ്കാരം അറിഞ്ഞാലും ഇല്ലെങ്കിലും, നീ ഒരു മീർസായി അഥവാ ഖാദിയാനിയായതുകൊണ്ട് നീ നമസ്കരിക്കാൻ പാടില്ല, നിനക്കത് അറിയുകയും വേണ്ട.

ഇതാണ് ഇന്നത്തെ കാലത്ത് ആളുകളുടെ അവസ്ഥ. നമ്മുടെ എതിരാളികൾക്ക് സ്വന്തമായി കർമങ്ങൾ (അമൽ) ഒന്നുമില്ല, എങ്കിലും അവർ മറ്റുള്ളവരെ തടയുന്നു.

എന്തായാലും, അല്ലാഹുവിനെ ആരാധിക്കാൻ ശുദ്ധിയും (ത്വഹാറത്ത്) പവിത്രതയും നിബന്ധനയാണ്; ഇത് ഖുർആനിലൂടെയും ഹദീസുകളിലൂടെയും തെളിയിക്കപ്പെട്ട കാര്യമാണ്. അശുദ്ധി പുരളാൻ സാധ്യതയുള്ള ഇടങ്ങളിൽ ഉപയോഗിക്കാത്തതും ശുദ്ധവുമായ ചെരുപ്പുകൾ ധരിച്ച്, ആവശ്യമുള്ള ഘട്ടങ്ങളിൽ നമസ്കരിക്കുന്നതിൽ തെറ്റൊന്നുമില്ല. ഇപ്രകാരം പ്രവർത്തിച്ചു കാണിച്ചതിലൂടെ റസൂൽ(സ) ഉമ്മത്തിന് വലിയൊരു അനുഗ്രഹമാണ് നൽകിയത്; ഭാവിയിൽ വരാനിരിക്കുന്ന അനാവശ്യമായ കാർക്കശ്യങ്ങളിൽ നിന്നും നാട്യങ്ങളിൽ നിന്നും അവിടുന്ന് അവരെ രക്ഷിച്ചു.

ഇന്ന് ഇത്തരം കാര്യങ്ങളിൽ തർക്കിക്കുന്നവരും ബാഹ്യപ്രകടനങ്ങളിൽ മുഴുകുന്നവരും തിരുനബി(സ)യുടെ ഈ ഉത്തമ മാതൃകയിൽ നിന്ന് പാഠം ഉൾക്കൊള്ളേണ്ടതുണ്ട്.

**അല്ലാഹുവിന്റെ മഹത്വത്തിനോ തഖ്‌യ്ക്കോ (ദൈവഭക്തി) കോട്ടം തട്ടാത്ത ഏതൊരു പ്രവൃത്തിയും ചെയ്യുന്നതുകൊണ്ട് ഒരു മനുഷ്യന്റെ പവിത്രതയ്ക്ക് കോട്ടമൊന്നും സംഭവിക്കുകയില്ല.**

*(അവ: നബി(സ)യുടെ ലളിത ജീവിതം, അൻവാറുൽ ഉലൂം ഭാഗം 12, പേജ് 517..519)*

ഇഖാമത്തുസ് സ്വലാത്ത് അഥവാ നമസ്ക്കാരം നിലനിർത്തുക എന്നത് അത്യന്താപേക്ഷിതമായ കാര്യമാണ്. അതായത് ഇതിൽ സ്വയം നമസ്കരിക്കുക, മറ്റുള്ളവരെ നമസ്ക്കാരക്കാരാക്കുക. ആത്മാർത്ഥതയോടും ആവേശത്തോടും കൂടി വുളൂഅ് ചെയ്ത് സാവധാനം ജമാഅത്തായി എല്ലാ നിബന്ധനകളും പാലിച്ച് നമസ്കരിക്കുക എന്നത് ഉൾപ്പെടുന്നു. നമസ്കാരം അല്ലാഹുവും ദാസനും തമ്മിലുള്ള കൂടിക്കാഴ്ചയുടെ മാർഗ്ഗമാണെന്ന് ഹദീസുകളിൽ കാണാം. ഇതിലൂടെ പ്രവാചകനിലൂടെ അല്ലാഹു ദാസനിൽ ഉണ്ടാക്കാൻ ആഗ്രഹിക്കുന്ന ആ ദൈവിക നിറം വിശ്വാസികളിൽ പതിയുകയും അവർ അല്ലാഹുവിന്റെ നിറത്തിൽ വർണ്ണാഭമാവുകയും ചെയ്യുന്നു.

**റസൂൽ കരീം(സ) ജമാഅത്തായുള്ള നമസ്കാരത്തിന് എത്രത്തോളം പ്രാധാന്യം നൽകിയിരുന്നുവെന്നാൽ,** ഒരിക്കൽ


• ഹദീഥുന്നബ്വി ﷺ •

"തർക്കുദ്ദുആഇ മഅ്സ്വിയത്തുൻ'
ദുആ ഉപേക്ഷിക്കുന്നത് പാപമാണ്.

ത്വാലിബെ ദുആ
RAHMAN SHAKEER & FAMILY
AHMADIYYA JAMA-ATH KARULAI, KERALA

• ഹദീഥുന്നബ്വി ﷺ •

"സിൻ വർജിഹ്."
അളന്നു കൊടുക്കുമ്പോൾ കൂടുതൽ കൊടുക്കുക.

ത്വാലിബെ ദുആ
P. ABDUL AMEER
AHMADIYYA JAMA-ATH MANJERY, KERALA

അന്ധനായ ഒരു സ്വഹാബി അവിടുത്തെ സന്നിധിയിൽ വന്ന് ഇപ്രകാരം അപേക്ഷിച്ചു: യാ റസൂലല്ലാഹ്! എന്റെ വീട് പള്ളിയിൽ നിന്ന് വളരെ അകലെയാണ്. പള്ളിയിലെത്താൻ എനിക്ക് വലിയ പ്രയാസമുണ്ട്. അതുകൊണ്ട് മഴയുള്ള ദിവസങ്ങളിൽ വീട്ടിൽ തന്നെ നമസ്കരിക്കാൻ അങ്ങ് അനുവാദം നൽകുമോ? മദീനയിൽ അക്കാലത്ത് മൺവീടുകളായിരുന്നു. മഴ പെയ്യുമ്പോൾ തെരുവുകളിൽ വെള്ളം കെട്ടിക്കിടക്കും. വീടുകളുടെ മതിലുകൾ ചാരി നടക്കേണ്ടി വന്നിരുന്നു. മതിലുകൾ നനയാതിരിക്കാൻ അവയുടെ വശങ്ങളിൽ കല്ലുകൾ പാകുന്ന പതിവുണ്ടായിരുന്നു. ആ അന്ധനായ സ്വഹാബി പറഞ്ഞു: വെള്ളം കാരണം എനിക്ക് റോഡിന്റെ നടുവിലൂടെ നടക്കാൻ കഴിയില്ല, വശങ്ങളിലൂടെ നടന്നാൽ കാഴ്ചയില്ലാത്തതുകൊണ്ട് ആ കല്ലുകൾ തട്ടി മുറിവേൽക്കാനും വീഴാനും സാധ്യതയുണ്ട്. അതിനാൽ ഞാൻ വീട്ടിൽ നമസ്കരിക്കട്ടെ? നബി[സ] പറഞ്ഞു: ശരി, നിനക്ക് ഇത്ര വലിയ ബുദ്ധിമുട്ടുണ്ടെങ്കിൽ വീട്ടിൽ തന്നെ നമസ്കരിക്കൂ, അതിൽ തെറ്റില്ല.

എന്നാൽ അദ്ദേഹം അവിടെ നിന്ന് പോയി അല്പം കഴിഞ്ഞപ്പോൾ അവിടുന്ന് സ്വഹാബികളോട് പറഞ്ഞു: അദ്ദേഹത്തെ ഒന്ന് തിരികെ വിളിക്കൂ. അദ്ദേഹം മടങ്ങിവന്നപ്പോൾ അവിടുന്ന് ചോദിച്ചു: നിന്റെ വീട്ടിൽ ബാങ്ക് വിളി കേൾക്കാറുണ്ടോ? അദ്ദേഹം പറഞ്ഞു: 'അതെ യാ റസൂലല്ലാഹ്, ബാങ്കിന്റെ ശബ്ദം എത്താറുണ്ട്. അപ്പോൾ അവിടുന്ന് പറഞ്ഞു: **എങ്കിൽ ബാങ്ക് ശബ്ദം നിന്റെ വീട്ടിൽ എത്തുന്നിടത്തോളം കാലം, പള്ളിയിലേക്ക് വരുമ്പോൾ നീ കാലിടറി വീണാലും നിനക്ക് മുറിവേറ്റാലും നീ പള്ളിയിൽ തന്നെ വരണം.** *(തഫ്സീർ കബീർ ഭാഗം 10, പേജ് 23.25)*

ഹദ്റത്ത് അഖ്ദസ് മസീഹ് മൗഊദ്[അ] പറയുന്നു: ഞാൻ വീണ്ടും പറയുന്നു, അല്ലാഹുവിനോടുള്ള സ്നേഹത്തിന്റെ വൃക്ഷങ്ങൾ അവനിൽ (വിശ്വാസിയിൽ) മുളപൊട്ടി വളർന്നു വികസിക്കുകയും, അതിൽ أُكُلُهَا دَائِمٌ അതായത് അതിന്റെ ഫലങ്ങൾ ശാശ്വതമാണ് (സൂറ: റഅദ് 36) എന്ന വചനത്തെ സാക്ഷാത്കരിക്കും വിധം മധുരവും പവിത്രവുമായ ഫലങ്ങൾ ഉണ്ടാവുകയും ചെയ്യും. ഓർക്കുക, സൂഫികളുടെ ആത്മീയ യാത്ര (സലൂക്) അവസാനിക്കുന്ന സ്ഥാനമാണിത്. ആത്മീയ പന്ഥാവിലൂടെ സഞ്ചരിക്കുന്നവൻ (സാലിക്) ഈ പദവിയിൽ എത്തിച്ചേരുമ്പോൾ സർവത്ര ദിവ്യതേജസ്സ് ദർശിക്കുമാറാകുന്നു.

അവിടുന്ന് പറയുന്നു; **ആരാധനയുടെ അവസ്ഥ (തഅബ്ബുദ്) ശരിയായ രീതിയിലാകുന്നതിനെയാണ് യഥാർത്ഥ ആരാധന എന്ന് പറയുന്നത്.** അല്ലാഹുവിനെ ഓരോ നിമിഷവും സ്മരിക്കുകയും അവനെ ആരാധിക്കുമ്പോൾ അല്ലാഹു തന്റെ കൺമുന്നിലുണ്ടെന്ന ബോധം നിലനിൽക്കുകയും ചെയ്യുന്ന അവസ്ഥയാണ് യഥാർത്ഥ ആരാധന.

അവിടുന്ന് അരുളി:

اِنَّنِیۡ لَکُمۡ مِّنۡہُ نَذِیۡرٌ وَّ بَشِیۡرٌ (ھود:3)-

(തീർച്ചയായും ഞാൻ അല്ലാഹുവിങ്കൽ നിന്നുള്ള മുന്നറിയിപ്പുകാരനും സന്തോഷവാർത്ത അറിയിക്കുന്നവനുമാണ്).

ഹദ്റത്ത് മസീഹ് മൗഊദ്[അ] വിവരിക്കുന്നു: അല്ലാഹുവിന് മാത്രമായി

പൂർണ്ണമായും നിസ്വാർത്ഥമായും ആരാധന സമർപ്പിക്കുക എന്നത് അത്യന്തം മഹത്തായ ഒരു കർമ്മമാകുന്നു. ഒരു ഉത്തമ മാതൃകയുടെയോ പൂർണ്ണമായ മാതൃകയുടെയോ സഹായമില്ലാതെ മനുഷ്യന് ഇത് നിർവ്വഹിക്കാൻ കഴിയില്ല. ഒരു അധ്യാത്മപ്രഭാവത്തിൻ്റെ പൂർണ്ണമായ സ്വാധീനമില്ലാതെ ഇത് സാധ്യമല്ല. അതുകൊണ്ടു തന്നെ റസൂൽ കരീം[സ] പറയുന്നു: ഞാൻ ആ ദൈവത്തിങ്കൽ നിന്നുള്ള മുന്നറിയിപ്പുകാരനും സന്തോഷവാർത്ത അറിയിക്കുന്നവനും ആയിട്ടാണ് വന്നിരിക്കുന്നത്. നിങ്ങൾ എന്നെ അനുസരിക്കുകയും സ്വീകരിക്കുകയും ചെയ്താൽ ഞാൻ സുവാർത്ത നല്കുന്നവനാകയാൽ നിങ്ങൾക്ക് വലിയ ശുഭവാർത്തകളുണ്ട്; എന്നാൽ നിങ്ങൾ എന്നെ നിരസിക്കുകയാണെങ്കിൽ ഓർക്കുക, ഞാൻ ഒരു മുന്നറിയിപ്പുകാരനാണ്, അപ്പോൾ നിങ്ങൾക്ക് വലിയ ശിക്ഷകളെയും (ഉഖൂബത്ത്) ദുഃഖങ്ങളെയും അഭിമുഖീകരിക്കേണ്ടി വരും. *(മൽഫൂസാത്ത് ഭാഗം:1, പേജ് 472,473)*

അതുകൊണ്ട്, **നാം അതീവ ഗൗരവത്തോടെ ചിന്തിക്കേണ്ട കാര്യമിതാണ്. നബി[സ]യുടെ ഉത്തമ മാതൃക പിന്തുടരുമെന്ന് പ്രതിജ്ഞ ചെയ്തുകൊണ്ട് നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്[അ]നെ വിശ്വസിച്ചപ്പോൾ, അദ്ദേഹം സന്തോഷവാർത്ത അറിയിക്കുന്നവൻ കൂടിയാണെന്ന് നമ്മൾ വിശ്വസിക്കുന്നു. എന്നാൽ ആ സന്തോഷവാർത്തകൾ നമുക്ക് ലഭ്യമാകണമെങ്കിൽ, നാം നമ്മുടെ ആരാധനകളുടെ കടമകൾ പൂർണ്ണമായി നിറവേറ്റുകയും അവിടുത്തെ മാതൃക പിന്തുടരാൻ ആവശ്യമായ ആത്മീയ നിലവാരം കൈവരിക്കാൻ പരിശ്രമിക്കുകയും വേണം. ഓർക്കുക, ഈ പരിശ്രമത്തിന് ത്യാഗങ്ങൾ ആവശ്യമാണ്, അത്യധ്വാനം തന്നെ ആവശ്യമാണ്.**

തങ്ങൾ അഞ്ച് നേരത്തെ നമസ്കാരം നിർവ്വഹിക്കാൻ ശ്രമിക്കാറുണ്ട് എന്ന് ചിലർ പറയാറുണ്ട്. യഥാർത്ഥത്തിൽ ഇത് മനസ്സിന്റെ വഞ്ചനയാണ്. പരിശ്രമം ആത്മാർത്ഥമാണെങ്കിൽ അതോടൊപ്പം വലിയൊരു ആകുലതയും ഉണ്ടാവേണ്ടതുണ്ട്. അതുകൊണ്ട്, നമ്മുടെ പരിശ്രമങ്ങൾ യഥാർത്ഥമാണോ അല്ലയോ എന്ന് നാം ഓരോരുത്തരും സ്വയം വിലയിരുത്തേണ്ടിരിക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്[അ] പറയുന്നു: റസൂൽ[സ]യുടെ ആരാധന എങ്ങനെയുള്ളതായിരുന്നു എന്ന് നോക്കൂ; വന്യമൃഗങ്ങളുടെയും പാമ്പുകളുടെയും ചീറ്റപ്പുലികളുടെയും ഭീഷണിയുണ്ടായിരുന്ന ഹിറാ ഗുഹയിൽ പോലും അവിടുന്ന് (ആരാധനയ്ക്കായി) പോകുമായിരുന്നു.

അവിടെ (ഹിറാ ഗുഹയിൽ) അവിടുന്ന് പ്രാർത്ഥനകളിൽ മുഴുകാറുണ്ടായിരുന്നു എന്നത് മുൻപ് വിവരിക്കപ്പെട്ടതാണല്ലോ.

ഈ കാര്യം വ്യക്തമാക്കിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്[അ] പറയുന്നു: ആകർഷണം ഒരുഭാഗത്ത് വളരെയധികം വർദ്ധിക്കുമ്പോൾ മറുഭാഗത്ത് ഭയം ഹൃദയത്തിൽ നിന്ന് ദൂരീകരിക്കപ്പെടുക എന്നത് ഒരു പ്രകൃതി നിയമമാണ്. അല്ലാഹുവോടുള്ള സ്നേഹത്തിന്റെ ആകർഷണം വർദ്ധിക്കുകയും അവന്റെ ആരാധനയിലേക്ക് ശ്രദ്ധ തിരിയുകയും ചെയ്താൽ, ലൗകികമായ മറ്റ് ഭയങ്ങൾ അപ്രത്യക്ഷമാകും.

അവിടുന്ന് ഒരു ഉദാഹരണം നൽകിക്കൊണ്ട് തുടരുന്നു: പ്രകൃത്യാ വളരെ ഭീരുക്കളായ ചില സ്ത്രീകൾ പോലും, പകൽ വെളിച്ചത്തിൽ പോകാൻ അവർ ഭയപ്പെടുന്ന ഇടങ്ങളിൽ സ്വന്തം കുഞ്ഞ് രോഗബാധി

**• ഹദീഥുന്നബ്വി ﷺ •**



**മരിച്ചവരെ ചീത്ത പറയരുത്,**
**എന്തുകൊണ്ടെന്നാൽ അവർ മുമ്പേ**
**അയച്ചിട്ടുള്ളതിലേക്കാണ് പോയിരിക്കുന്നത്.**
**(ബുഖാരി 23:77)**

ത്വാലിബെ ദുആ
**SERA SPORTS,** P.I.GROUND FLOOR
ARAFAH ARCADE 4/45A, 4/45 A1, IRINGALOOR, OPP
GOVT.H.S.S, OLAVANN, MOB-8845680091

**• ഹദീഥുന്നബ്വി ﷺ •**

**"ലാ യഹില്ലു ലുമുഅ്മിനി അൻയുഹ്ജുറ**
**അഖാഉ ഫൗഖ ഥലാഥത്തി അയ്യാമിൻ."**
**ഒരു വിശ്വാസി തന്റെ സഹോദരനോടു മുന്നുദിവസത്തിലധികം**
**ബന്ധം വിച്ഛേദിക്കുന്നത് അനുവദനീയമല്ല**

ത്വാലിബെ ദുആ
**E.H.NAJEEB AND FAMILY**
KAKKANAD, ERNAKULAM

**• ഹദീഥുന്നബ്വി ﷺ •**

**"സയ്യിദുൽഖൗമി ഖാദിമുഹും."**
**സമുദായത്തിന്റെ നേതാവ് അവരുടെ സേവകനാണ്.**

ത്വാലിബെ ദുആ
**P. SAFFAR AHMAD &FAMILY**
JAMA'ATH KARULAI, MALAPPURAM,KERALA.

തനാകുമ്പോൾ, രാത്രിയുടെ അന്ധകാരത്തിൽ ആവശ്യാനുസരണം അങ്ങേയറ്റം ഭയാനകമായ ഇടങ്ങളിലേക്ക് പോലും പോകുന്നത് കാണാം.

അവിടുന്ന് വിവരിക്കുന്നു: **ദൈവഭയവും സ്നേഹവും ഒരാളിൽആധിപത്യം സ്ഥാപിക്കുമ്പോൾ, മറ്റ് സകല ഭയങ്ങളും സ്നേഹബന്ധങ്ങളും ഇല്ലാതായിത്തീരുന്നു.** ഇത്തരമൊരു പ്രാർത്ഥനയ്ക്ക് ഏകാന്തത (അലൈഹദഗി) അത്യന്താപേക്ഷിതമാണ്. അല്ലാഹുവുമായുള്ള പൂർണ്ണമായ ബന്ധത്തിലൂടെ മാത്രമേ ആധ്യാത്മികപ്രകാശങ്ങൾ (അൻവാർ) വെളിപ്പെടുകയുള്ളൂ. ഓരോ ബന്ധവും ഒരുതരം മറ ആവശ്യപ്പെടുന്നു; അതായത്, ആ ബന്ധം അത്രമേൽ നിഗൂഢമായിരിക്കുമ്പോഴാണ് അതിന്റെ ഫലങ്ങൾ ദൃശ്യമാകുന്നത്. *(മൽഫൂസാത്ത് ഭാഗം:7, പേജ് 186)*

അവിടുന്ന് മസീഹ് മൗഊദ്(അ) പറയുന്നു:

**ആരാധന അല്ലാഹുവിന് വേണ്ടിയായിരിക്കണം, ലോകത്തെ കാണിക്കാനാവരുത്.** അനുസരണത്തിലും ആരാധനയിലും സേവനത്തിലും നിങ്ങൾ ക്ഷമ കൈക്കൊള്ളുന്നുവെങ്കിൽ അല്ലാഹു അത് ഒരിക്കലും പാഴാക്കുകയില്ല. ഇസ്‌ലാമിൽ ആയിരക്കണക്കിന് ആളുകൾ കഴിഞ്ഞുപോയിട്ടുണ്ട്. ജനങ്ങൾ അവരുടെ മുഖത്തെ പ്രകാശം (നൂർ) കണ്ടുമാത്രമാണ് അവരെ തിരിച്ചറിഞ്ഞത്. വഞ്ചകരെപ്പോലെ കാവി വസ്ത്രങ്ങളോ നീളൻ കുപ്പായങ്ങളോ സവിശേഷമായ അടയാളങ്ങളുള്ള വസ്ത്രങ്ങളോ ധരിച്ച് സ്വയം വേറിട്ടുനിൽക്കേണ്ട ആവശ്യം അവർക്കില്ലായിരുന്നു. അല്ലാഹുവിന്റെ സച്ചരിതരായ ദാസന്മാരാരും അത്തരം യൂണിഫോമുകൾ ധരിച്ചിട്ടില്ല. നീളൻ കുപ്പായങ്ങൾ ധരിച്ച് താൻ വലിയൊരു ഫഖീറോ സൂഫിയോ പുണ്യവാളനോ ആണെന്ന് സ്വയം കരുതേണ്ടതില്ല.

നബിതിരുമേനി(സ)ക്ക് ജനങ്ങൾക്കിടയിൽ വേറിട്ടുനിൽക്കാൻ പ്രത്യേകമായ വസ്ത്രധാരണ രീതികളൊന്നും ഉണ്ടായിരുന്നില്ല. ഒരിക്കൽ ഒരാൾ ഹദ്റത്ത് അബൂബക്കർ(റ)നെ പ്രവാചകനാണെന്ന് തെറ്റിദ്ധരിച്ച് അദ്ദേഹത്തിന് ഹസ്തദാനം നൽകുകയും ആദരിക്കുകയും ചെയ്തു. ഒടുവിൽ ഹദ്റത്ത് അബൂബക്കർ(റ) എഴുന്നേറ്റ് നിന്ന് നബിതിരുമേനി(സ)ക്ക് വിശറി കൊണ്ട് വീശിക്കൊടുക്കാൻ തുടങ്ങി. വാക്കുകൾ കൊണ്ടല്ല, മറിച്ച് തന്റെ പ്രവൃത്തിയിലൂടെ അദ്ദേഹം ഇതാണ് പ്രവാചകൻ താൻ വെറുമൊരു സേവകൻ മാത്രമാണെന്നും കാണിച്ചുകൊടുത്തു.

ഒരു മനുഷ്യൻ അല്ലാഹുവിനെ ആരാധിക്കുമ്പോൾ നിറമുള്ള വസ്ത്രങ്ങൾ ധരിക്കുകയോ പ്രത്യേക രൂപഭാവങ്ങൾ സ്വീകരിക്കുകയോ മാലകൾ തൂക്കി നടക്കുകയോ ചെയ്യേണ്ട ആവശ്യമെന്താണ്? അതായത്, ചിലർ കഴുത്തിൽ മാലകളും കയ്യിൽ നീളൻ തസ്ബീഹുകളും തൂക്കി നടക്കാറുണ്ട്; അത്തരം ആളുകൾ ദുനിയാവിന്റെ ശുനകന്മാരാണ്. അവർ ദുനിയാവിനെ ആഗ്രഹിക്കുന്നവരാണ്, അല്ലാഹുവിനെ ആഗ്രഹിക്കുന്നവരല്ല. അല്ലാഹുവിനെ അന്വേഷിക്കുന്നവർക്ക് വസ്ത്രധാരണത്തിലും യൂണിഫോമിലും പ്രത്യേക ശ്രദ്ധ ചെലുത്താൻ എവിടെയാണ് സമയം? അവർ ജനദൃഷ്ടികളിൽ നിന്ന് മറഞ്ഞിരിക്കാനാണ് ആഗ്രഹിക്കുന്നത്. എന്നാൽ അല്ലാഹു തന്റെ യുക്തിജ്ഞാനമനുസരിച്ച് ചിലരെ തന്റെ ദൈവത്വത്തിന് തെളിവ് നൽകാൻ വേണ്ടി പുറത്തുകൊണ്ടുവരുന്നു.

**ജനങ്ങളെക്കൊണ്ട് തന്നെ പ്രവാചകൻ എന്ന് വിളിപ്പിക്കാനോ തന്നെ അനുസരിപ്പിക്കാനോ റസൂൽ(സ) ഒരിക്കലും ആഗ്രഹിച്ചിരുന്നില്ല. അതുകൊണ്ടാണ് ഖബറിനേക്കാൾ ഇടുങ്ങിയ ഹിറാ ഗുഹയിൽ പോയി അവിടുന്ന് ആരാധനകളിൽ മുഴുകിയിരുന്നത്. അവിടെ നിന്ന് പുറത്തുവരണമെന്ന ആഗ്രഹം പോലും അവിടുത്തേക്കുണ്ടായിരുന്നില്ല. ഒടുവിൽ അല്ലാഹു തന്റെ യുക്തിജ്ഞാനം അനുസരിച്ച് അവിടുത്തെ പുറത്തുകൊണ്ടുവരികയും തിരുമേനി(സ)യിലൂടെ ലോകത്ത് തന്റെ പ്രകാശം (നൂർ) വെളിപ്പെടുത്തുകയും ചെയ്തു.**

*(മൽഫൂസാത്ത് ഭാഗം:6, പേജ് 125, 126)*

ആ പ്രകാശത്തിൽ നിന്ന് പ്രയോജനം നേടാൻ അല്ലാഹു നമുക്ക് തൗഫീഖ് നൽകട്ടെ. അല്ലാഹുവിന്റെ ആരാധനയുടെ കടമകൾ പൂർണ്ണമായി നിറവേറ്റാനും തിരുമേനിയുടെ ഉദാത്തമാതൃക സ്വീകരിക്കാനും അവിടുത്തെ ഉത്തമ മാതൃകയിൽ യഥാർത്ഥ രീതിയിൽ ചലിക്കാൻ പരിശ്രമിക്കാനും അല്ലാഹു നമുക്ക് തൗഫീഖ് നൽകി അനുഗ്രഹിക്കട്ടെ.

പേജ് 1 ൽ നിന്ന് തഫ്സീർ

ഇതിൽ നിന്നും എന്റെ വഫാത്തിന്റെ സമയം അടുത്തിരിക്കുന്നു എന്ന് ഞാൻ മനസ്സിലാക്കുന്നു. (ശറഹുൽ അല്ലാമ: സർഖാനി അലൽ മവാഹിബുദ്ദുനിയ).

റമദാൻ അല്ലാത്ത മാസങ്ങളിലും ഖുർആൻ അവതരിച്ചിട്ടുണ്ട് എന്നതിൽ യാതൊരു സംശയവുമില്ല. എന്നാൽ പരിശുദ്ധ റമദാനിന്റെ പ്രത്യേകത എന്തെന്നാൽ, അതുവരെ ഖുർആന്റെ എത്ര ഭാഗം അവതരിച്ചിട്ടുണ്ടോ, അത്രയും ഭാഗം ജിബ്‌രീൽ തിരുനബി(സ)യോടൊപ്പം ചേർന്ന് പാരായണം ചെയ്ത് തീർക്കുമായിരുന്നു. അതായത് വീണ്ടും ഖുർആൻ മുഴുവനായി നബി(സ)ന് അവതരിപ്പിക്കപ്പെടുമായിരുന്നു.

ബുഖാരി കിതാബു ബദ്ഉൽ വഹ്‌യിലും ഇതേ വിഷയം വിവരിച്ചിട്ടുണ്ട്. ഹദ്റത്ത് ഇബ്നു അബ്ബാസ്(റ) നിവേദനം ചെയ്യുന്നു:

كَانَ رَسُوْلُ اللهِ صَلَّى اللّٰهُ عَلَيْهِ وَسَلَّمَ اَجْوَدَ النَّاسِ وَكَانَ اَجْوَدُ مَا يَكُوْنُ فِيْ رَمَضَانَ حِيْنَ يَلْقَاهُ جِبْرِيْلُ وَكَانَ يَلْقَاهُ فِيْ كُلِّ لَيْلَةٍ مِنْ رَمَضَانَ فَيُدَارِسُهُ الْقُرْاٰنَ فَلَرَسُوْلُ اللّٰهِ (صَلَّى اللّٰهُ عَلَيْهِ وَسَلَّمَ) اَجْوَدُ بِالْخَيْرِ مِنَ الرِّيْحِ الْمُرْسَلَةِ۔

(بخاری کتاب بدء الوحی باب کیف کان بدء الوحی)

തിരുനബി(സ) ജനങ്ങളിൽ വെച്ച് ഏറ്റവും വലിയ ഔദാര്യവാനായിരുന്നു. ജിബ്‌രീൽ നബി(സ)നെ സന്ദർശിക്കുന്ന റമദാൻ മാസത്തിലായിരുന്നു നബി(സ) ഏറ്റവും കൂടുതൽ ഔദാര്യം കാണിച്ചിരുന്നത്. ജിബ്‌രീൽ റമദാനിലെ എല്ലാ രാത്രികളിലും തിരുനബി(സ)നെ സന്ദർശിക്കുകയും നബി(സ)മായി ചേർന്ന് ഖുർആൻ മുഴുവൻ ഒരാവർത്തി പാരായണംചെയ്യുകയും പതിവായിരുന്നു. പ്രസ്തുത ദിനങ്ങളിൽ തിരുനബി(സ) മഴയോടൊപ്പം ഉണ്ടാകുന്ന കാറ്റിനേക്കാൾ വേഗത്തിൽ നന്മകൾ ചെയ്യുന്നതിൽ ഔദാര്യം കാണിച്ചിരുന്നു.' *(ബുഖാരി, കിതാബു ബദ്ഉൽ വഹ്‌യ്).*

*(തഫ്സീർ കബീർ, വാല്യം ഒന്ന്, പേജ് 394,395)*

പേജ് 2ൽ നിന്ന്

എന്നതാണ്. ഇൽഹാമുകൾ ഒഴികെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മിക്ക രചനകളും ഉർദുവിലാണ്. നിങ്ങൾ ഉർദു പഠിക്കാത്ത പക്ഷം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജ്ഞാനസമ്പന്നമായ ഗ്രന്ഥങ്ങളിൽ വിശദീകരിച്ചിട്ടുള്ള ആത്മീയ രഹസ്യങ്ങൾ ശരിയായ അർത്ഥത്തിൽ മനസ്സിലാക്കാൻ നിങ്ങൾക്ക് സാധിക്കില്ല. കാരണം വിവർത്തനങ്ങളിൽ ഒരിക്കലും അവിടുത്തെ സ്വന്തം രചനകൾ നേരിട്ട് വായിക്കുമ്പോൾ ലഭിക്കുന്ന ആ സൗന്ദര്യവും ആസ്വാദനവും ലഭിക്കുകയില്ല.

അതുകൊണ്ട് ഓരോ അഹ്മദിയും ഉർദു പഠിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെയും ഖലീഫമാരുടെയും ആത്മീയ നിർഝരിയിൽ നിന്ന് ദാഹം ശമിപ്പിക്കുകയും സത്യാന്വേഷകരെ ഈ അമൃത് പകർന്ന് നൽകി സംതൃപ്തരാക്കുകയും ചെയ്യാൻ ശ്രമിക്കേണ്ടതാണ്.


• ഹദീഥുന്നബ്‌വി ﷺ •

"ഇന്നമൽഅഅ്മാലു ബിന്നിയ്യാത്തി."
കർമങ്ങൾ ഉദ്ദേശ്യത്തിലധിഷ്ഠിതമാകുന്നു.

ത്വാലിബെ ദുആ
Late DILSAD ABDULLATHEEF AND FAMILY KALLIKOTE
PATHAPPIRIYAM, MALAPURAM

• ഹദീഥുന്നബ്‌വി ﷺ •

"ലാ യശ്ക്കുറല്ലാഹ് മൻല്ലാ യശ്ക്കുറുന്നാസ."
ജനങ്ങളോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദി കാണിക്കുകയില്ല.




ത്വാലിബെ ദുആ
DR.C.G. KAMALUDDEEN, DR. C.G. NAZIM AHMAD
VAYANASHALA, PATHAPPIRIYAM, KERALA

EDITOR
H.Shamsuddin
Mobile : +91 99460 21252
Sub Editor : Mohammad Ismail
e-mail : badarmalayalam@gmail.com
Layout: HA Creative Graphics

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2026-28 Vol-11 Thursday 19 March 2026 Issue: 12

ACT. MANAGER
ATHAR AHMAD SHAMIM
Mobile: +91 9815639670
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

## സീറത്തുന്നബി(സ)

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് എം.എ

വിവ: അബൂസ്വബാഹ്

# തിരുനബി(സ)യുടെ ജീവചരിത്രവും

### ഇസ്‌ലാമിക ചരിത്രവും: പ്രാരംഭ സ്രോതസ്സുകൾ

ലോകത്തെ മിക്ക രാജ്യങ്ങളെ സംബന്ധിച്ചിടത്തോളവും ചരിത്രരേഖകൾ ഇല്ലാതിരുന്ന ഒരു കാലഘട്ടത്തിലാണ് ഇസ്‌ലാമിന്റെ ഉദയം. അക്കാലത്ത് അച്ചടി വിദ്യ കണ്ടുപിടിക്കപ്പെട്ടിരുന്നില്ല എന്ന് മാത്രമല്ല, എഴുത്തും രചനാരീതികളും പ്രാരംഭഘട്ടത്തിൽ മാത്രമായിരുന്നു. പ്രശസ്തമായ ക്രിസ്തീയ കലണ്ടർ പ്രകാരം തിരുനബി(സ)യുടെ കാലഘട്ടം എ.ഡി 570 മുതൽ 632 വരെയാണ്. ലോകത്തിലെ മിക്ക ജനവിഭാഗങ്ങളും രചനാകലയുമായി ഒട്ടും പരിചയമില്ലാതിരുന്ന കാലമായിരുന്നു അത്. ഏതെങ്കിലും തരത്തിൽ ശാസ്ത്രീയമായോ രാഷ്ട്രീയമായോ പുരോഗതി പ്രാപിച്ച ജനതകളിൽ മാത്രമാണ് എഴുത്തുവിദ്യ അല്പമെങ്കിലും നിലനിന്നിരുന്നത്.

എന്നാൽ, പിന്നീട് വിശദീകരിക്കുന്നത് പോലെ, ഇസ്‌ലാമിന് മുമ്പുള്ള അറേബ്യ ബാഹ്യലോകത്ത് നിന്ന് പൂർണ്ണമായും ഒറ്റപ്പെട്ടതായിരുന്നു എന്ന് മാത്രമല്ല, ആഭ്യന്തരമായ വശങ്ങൾ പരിശോധിച്ചാലും എല്ലാവിധ ശാസ്ത്രീയ, രാഷ്ട്രീയ, സാംസ്കാരിക ചലനങ്ങളിൽ നിന്നും അത് വിമുക്തമായിരുന്നു. അതിനാൽ, ഇസ്‌ലാമിന് മുമ്പും അറേബ്യയിൽ അറിവുള്ള ചിലർ ഉണ്ടായിരുന്നുവെങ്കിലും അവരുടെ ജ്ഞാനം കേവലം എഴുത്തിലും വായനയിലും മാത്രമായി പരിമിതപ്പെട്ടിരുന്നു. ഇസ്‌ലാം വരുന്നതിന് മുമ്പുള്ള കാലഘട്ടത്തിലെ ഏതെങ്കിലും അറബി രചനകളോ ആ കാലത്തെ സംബന്ധിച്ച ചരിത്രരേഖകളോ സംരക്ഷിക്കപ്പെട്ടിട്ടില്ല. പുരാതന അറബ് വംശജരുടെ ചില അവശിഷ്ടങ്ങളും ശിലാശാസനങ്ങളും തീർച്ചയായും നിലവിലുണ്ട്, എന്നാൽ അറേബ്യയെപ്പോലൊരു രാജ്യത്തിന്റെ ചരിത്രത്തെ സംബന്ധിച്ച് അവയൊന്നും ക്രമബദ്ധവും വിശദവുമായ വിവരങ്ങൾ നൽകുന്ന ഒരു സ്രോതസ്സല്ല.

രണ്ടാമത്തെ വിഭാഗം, ആ കാലഘട്ടത്തിൽ അറേബ്യയുടെ അയൽ രാജ്യങ്ങളായിരുന്ന ജനതകളുടെയും ഭരണകൂടങ്ങളുടെയും രേഖകളാണ്. അവയിൽ റോമിലെയും പേർഷ്യയിലെയും രാജകീയ സാമ്രാജ്യങ്ങൾ പ്രത്യേകം ശ്രദ്ധേ യമാണ്. അറേബ്യയുടെ ഭൂമിശാസ്ത്രപരമായ അതിർത്തികൾ ഈ രണ്ട് രാഷ്ട്രങ്ങളുമായി ചേർന്നു കിടന്നിരുന്നതിനാൽ, ഈ ഭരണകൂടങ്ങളുടെ ചരിത്രവിവരണങ്ങളിൽ ചിലയിടങ്ങളിൽ അറേബ്യയെക്കുറിച്ചുള്ള ചെറിയ പരാമർശങ്ങൾ കാണാൻ സാധിക്കും. എങ്കിലും, തീർച്ചയായും ഈ പരാമർശങ്ങൾ വളരെ ഹ്രസ്വവും നിസ്സാരമായ കാര്യങ്ങളുമായി മാത്രം ബന്ധപ്പെട്ടതുമാണ്; അതിനാൽ, ഈ അനുബന്ധ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അറേബ്യയുടെ ആഭ്യന്തര സാഹചര്യങ്ങളെക്കുറിച്ച് ഈ അനുബന്ധ പരാമർശങ്ങളിൽ നിന്ന് വ്യക്തമായ ഒരു ഉൾക്കാഴ്ച ലഭിക്കുകയില്ല. ഈ ഗണത്തിൽ തന്നെ യഹൂദ ജനതയുടെ ചരിത്രത്തെയും ബൈബിളിനെയും ഉൾപ്പെടുത്താം, കാരണം അവയിലും അങ്ങിങ്ങായി അറേബ്യയെക്കുറിച്ചുള്ള സൂചനകൾ കാണപ്പെടുന്നുണ്ട്.

### ഇസ്‌ലാമിന് മുമ്പുള്ള പാരമ്പര്യങ്ങളും കാവ്യശകലങ്ങളും

മൂന്നാമത്തെ വിഭാഗത്തിൽ വരുന്നത് അറബികളുടെ തന്നെ ആഭ്യന്തര വിവരണങ്ങളാണ്. യഥാർത്ഥത്തിൽ, ഇസ്‌ലാമിന് മുമ്പുള്ള ചരിത്രപഠനത്തിൽ ഈ വിവരണങ്ങൾ ഒരു ശക്തമായ അടിത്തറയായി വർത്തിക്കുന്നു. അറബികൾക്കിടയിൽ എഴുത്തും രചനാരീതികളും അത്ര പ്രചാരത്തിലുണ്ടായിരുന്നില്ല, എന്നാൽ വാമൊഴിയായി കൈമാറ്റം ചെയ്യപ്പെടുന്ന വിവരണങ്ങൾ തലമുറകളോളം സംരക്ഷിച്ചു നിർത്തുന്ന രീതി അവിടെ വളരെ സാധാരണമായിരുന്നു. ഇതിനായി അറബികൾക്ക് അസാധാരണമായ ഓർമ്മശക്തി ലഭിച്ചിരുന്നു ഇതിന് സമാനമായ ഒന്ന് മറ്റൊരു ജനതയിലും കാണാൻ സാധ്യമല്ല.

(Life of 'Mahomet', Sir William Muir, p. xvi, Reprint of the 1894 Ed., Published by Voice of India New Delhi) (തുടരും)

## പ്രാദേശിക വാർത്തകൾ

# ഖുർആൻ വാരം

മഞ്ചേരി ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി ഒന്നു മുതൽ എട്ടു വരെ ഖുർആൻ വാരം സംഘടിപ്പിച്ചു. എല്ല ദിവസവും വൈകീട്ട് ചേർന്ന യോഗങ്ങളിൽ വിശുദ്ധ ഖുർആൻ സംബന്ധിച്ച വിവിധ വിഷയങ്ങളിൽ പ്രഭാഷണങ്ങൾ സംഘടിപ്പിക്കുകയും ഗൃഹസന്ദർശനങ്ങൾ നടത്തി ജമാഅത്ത് അംഗങ്ങളെ വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്നതിലേക്ക് പ്രത്യേകമായി ഉണർത്തുകയും ചെയ്തു. (സെക്രട്ടറി തഅ്‌ലീമുൽ ഖുർആൻ മഞ്ചേരി)

# ജനന വാർത്ത

വിനീതന്റെയും കെ.വി.മറിയം ഫായിസയുടെയും മകൾ സി. ഖദീജ സാഹിബക്കും മരുമകൻ നിസാം ബദർ സാഹിബിനും അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഒരു ആൺകുഞ്ഞും പെൺകുഞ്ഞും ജനിച്ചിരിക്കുന്നു. ആൺകുഞ്ഞിന്റെ പേര് ഐസം നിസാം എന്നും പെൺകുഞ്ഞിന്റെ പേര് ദുആ ഫാത്തിമ എന്നുമാണ്. കുട്ടികൾ കൂടാളി ജമാഅത്തിലെ എം.പി.ബദറുദ്ദീൻസാഹിബിന്റെയും യു.മുഅ്മിന സാഹിബയുടെയും പേരക്കുട്ടികളാണ്. അല്ലാഹു കുട്ടികൾക്ക് ആരോഗ്യത്തോടു കൂടിയ ദീർഘായുസ്സ് നൽകുകയും ജമാഅത്തിന്റെയും ഖിലാഫത്തിന്റെയും സേവകരാക്കുകയും, ഇരു കുടുംബങ്ങളുടെയും കണ്ണിന് കുളിർമ്മ ആയിതീരുകയും ചെയ്യട്ടെ ആമീൻ

(സി.സലാഹുദ്ദീൻ, അമീർ കോഴിക്കോട്)

ക്യൂആർ കോഡ് സ്കാൻ ചെയ്യൂ...
ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...

The Weekly BADR Qadian (Malayalam)
www.akhbarbadr.in

പേജ് 1ൽ നിന്ന്

### ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പാഠങ്ങൾ:

സൂക്ഷ്മമായ മറ്റൊരു കാര്യം, ഒരാൾക്ക് (സ്വന്തം മനസ്സിന്റെ മടി കാരണം) വ്രതം ഭാരമായി തോന്നുകയും, താൻ രോഗിയാണെന്നും ഒരു നേരം ഭക്ഷണം കഴിച്ചില്ലെങ്കിൽ ഇന്ന ഇന്ന രോഗമുണ്ടാകുമെന്ന് സ്വയം കരുതുകയും ചെയ്താൽ, അല്ലാഹുവിന്റെ അനുഗ്രഹത്തെ ഭാരമായി കാണുന്ന അത്തരമൊരാൾ എങ്ങനെയാണ് ആ പ്രതിഫലത്തിന് അർഹനാവുക? എന്നാൽ റമദാൻ ആഗതമായതിൽ സന്തോഷിക്കുകയും അതിനായി കാത്തിരിക്കുകയും വ്രതം അനുഷ്ഠിക്കാൻ ആഗ്രഹിക്കുകയും ചെയ്തിട്ടും രോഗം കാരണം അതിന് സാധിക്കാതെ വന്നാൽ അയാൾ വാനലോകത്ത് വ്രതത്തിന്റെ പുണ്യത്തിൽ നിന്ന് തടയപ്പെടുന്നില്ല.' *(തഫ്സീർ മസീഹ് മൗഊദ്(അ), വാല്യം 1, പേജ് 262)*

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin